# PRAVACHANA PRADEEPIKA

# പ്രവചന പ്രദീപിക

## PROPHETICAL ILLUMINATOR

| Vol. 58 | June - September 2021 | No. 3 |
|---|---|---|


*"ഉണർന്നിരിപ്പിൻ; വിശ്വാസത്തിൽ നിലനില്പിൻ; പുരുഷത്വം കാണിപ്പിൻ; നിങ്ങൾ ചെയ്യുന്നതെല്ലാം സ്നേഹത്തിൽ ചെയ്‌വിൻ "*

*(1 കൊരി. 16:13-14)*


| വിഷയാനുക്രമണിക | ലേഖകർ | പുറം |
|---|---|---|
| ❖ പത്രാധിപലേഖനം | Y.S.R | 3 |
| ❖ ക്രിസ്തുവിന്റെ പ്രയോജനം ലഭിക്കാതെ പോയ മൂവർസംഘം | D.E. | 5 |
| ❖ സുവിശേഷകന്റെ പ്രവൃത്തി | K.G.K. | 10 |
| ❖ ഡെവിഡ് ബ്രെയിനാർഡിന്റെ പ്രാർത്ഥനാജീവിതം | | 14 |
| ❖ യേശുക്രിസ്തുവിന്റെ പുനരാഗമനം | Dr. Adv.M.V. | 17 |
| ❖ യിസ്രായേൽ വാർത്തകൾ | P.S.Y. | 18 |
| ❖ മഹത് വചനങ്ങൾ, ഫലിതം, പഴഞ്ചൊല്ലുകൾ | | കവർ 2 |
| ❖ അനുഭവം എഴുതിയ കവിത | | കവർ 3 |



**ഈ മാസികാ സംബന്ധമായ മണിയോർഡറുകൾ, ചെക്കുകൾ, ഡ്രാഫ്റ്റുകൾ എന്നിവ *J. Esther Bethel, Pravachana Pradeepika, Aramada P.O., Trivandrum - 695032, Kerala* എന്ന വിലാസത്തിലും മറ്റ് എല്ലാ എഴുത്തുകുത്തുകളും *പബ്ലിഷർ, പ്രവചന പ്രദീപിക, ആറാമട പി.ഒ., തിരുവനന്തപുരം - 32* എന്ന വിലാസത്തിലും അയയ്ക്കേണ്ടതാണ്. ഫോൺ : *0471-3580775***

**വരിസംഖ്യ (മുൻകൂർ) ഇന്ത്യയിൽ 100 രൂപ**

**ഇന്ത്യയ്ക്കു വെളിയിൽ അറേബ്യയും തത്തുല്യരാജ്യങ്ങളും (Air Mail) 750 രൂപ.**

**അമേരിക്ക, കാനഡാ മുതലായവയ്ക്ക് (Air Mail) 750 രൂപ**

Chief Editor : **Dr. O.M. Samuel,** B.A., M.Div., ThD.
Publisher : **Y. Sam Raj,** B.A., B.Ed., M.Div.

**EDITORIAL BOARD**

1. K.A. Philip, B.A., B.Ed.
2. Dr. Adv. Mathew Vairamon, MS, LLM, M Div, ThD, PhD.
3. Evgst. Varghese Kurien
4. Evangelist Dr. Dani Ezekiel, M.A. (Eng), M.th., Ph.D

## കത്ത്യദാസൻ ബാബു ഹെൻട്രി മഹത്വത്തിൽ



ദീർഘവർഷങ്ങളായി മഞ്ഞാലുംമൂടും പരിസരപ്രദേശങ്ങളിലും പ്രവർത്തിച്ച് അനേക സ്ഥലം സഭകൾ സ്ഥാപിച്ചിട്ടുണ്ട്. ബഥേൽ ബ്രദറൺ ബൈബിൾ സ്കൂളിന്റെ സ്ഥാപകനും അദ്ധ്യാപകനുമായിരുന്നു. വളരെ നാളുകളായി പലവിധ രോഗങ്ങളാൽ കഷ്ടപ്പെട്ടിരുന്നു. സെപ്റ്റംബർ 20 ന് താൻ പ്രിയംവച്ചിരുന്ന കത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. മെയ് 4-ാം തീയതി അദ്ദേഹത്തിന്റെ ഭാര്യ മഹത്വത്തിൽ പ്രവേശിച്ചു. ദുഃഖത്തിലിരിക്കുന്ന മക്കളെയും കുടുംബങ്ങളെയും ഓർത്തു പ്രാർത്ഥിപ്പാനപേക്ഷിക്കുന്നു.

### മഹത് വചനങ്ങൾ

1. പ്രാർത്ഥനയ്ക്ക് ഇരുവഴികളില്ല.
2. മാതൃസ്നേഹത്തെക്കാൾ വലുതാണു കാൽവറി സ്നേഹം.
3. ശുദ്ധീകരണം പാപത്തിൽ നിന്നുള്ള വിടുതലാണ്.
4. ജീവിതത്തിന്റെ ശാന്തത ദൈവാശ്രയമുള്ളവരുടെ അനുഭവമാണ്.
5. കൃപാവരങ്ങളിൽ ശ്രേഷ്ഠമായ ഒന്നാണ് സഹായം ചെയ്യുവാനുള്ള വരം.
6. മനോസുഖമാണ് ജീവിതസുഖം
7. പദവിയിൽ ചുമതലകൾ ഉൾക്കൊണ്ടിട്ടുണ്ട്.

### ഫലിതം

ഒരിക്കൽ ഒരു ടാക്സികാറിൽ മൂന്നു സ്ഥലങ്ങളിൽ പ്രസംഗിക്കുവാനായി ബിഷപ്പു പോയി. മൂന്നു സ്ഥലങ്ങളിലും പത്രോസിന്റെ അമ്മായി

ബൈബിൾ പ്രവചനങ്ങളെ വിശദീകരിക്കുന്ന പ്രതിമാസ പത്രികയാണ് പ്രവചന പ്രദീപിക.

**ഈ മാസികാ പ്രവർത്തനത്തിന്റെ ഉദ്ദേശ്യം**

- ദൈവവിശ്വാസം സ്ഥാപിക്കപ്പെടുക
- ബൈബിൾ ദൈവവചനമാണെന്ന് നിറവേറിയ പ്രവചനങ്ങളെക്കൊണ്ടു തെളിയിക്കുക.
- ഭാവി പ്രവചനങ്ങളുടെ വിശദീകരണത്താൽ പ്രത്യാശ ഉളവാക്കുക.

യമ്മയുടെ പനിയായിരുന്നു പ്രസംഗവിഷയം. പിറ്റേ ദിവസം വേറൊരു യാത്രക്കാരനെയും കൊണ്ട് ടാക്സി ഡ്രൈവർ യാത്ര ചെയ്യുമ്പോൾ ഒരു മൃതദേഹവും വഹിച്ചുകൊണ്ടുള്ള വിലാപ യാത്ര അതുവഴി കടന്നുപോയി. അതുകണ്ട യാത്ര ക്കാരൻ അതാരുടെ മൃതദേഹമാണെന്ന് ഡ്രൈവ റോട് തിരക്കി. അത് പത്രോസിന്റെ അമ്മാവിഅമ്മ യുടെ മൃതശരീരമാണെന്നും, 3 ദിവസം കൊണ്ട് പനിയായി കിടപ്പിലായിരുന്നെന്നും ഡ്രൈവർ പറഞ്ഞു മനസ്സിലാക്കിക്കൊടുത്തു.

### പഴഞ്ചൊല്ലുകൾ

1. A fine cage won't feed the bird.
   ഒരു നല്ലകൂട് പക്ഷിക്ക് ഭക്ഷണം നൽകുന്നില്ല.
2. Better an open enemy than a false friend.
   തുറന്ന ശത്രുവാണ് വഞ്ചിക്കുന്ന മിത്രത്തേക്കാൾ ഭേദം
3. A wise man never wants weapon.
   ബുദ്ധിശാലിക്ക് ഒരിക്കലും ആയുധങ്ങൾ വേണ്ട.
4. A stone in a well is never lost.
   കിണറ്റിലെ കല്ല് ഒരിക്കലും നഷ്ടപ്പെടുന്നില്ല.
5. The stream cannot rise above its source.
   ഉത്ഭവസ്ഥാനത്തിനു മുകളിലേക്ക് ഒരു അരുവിക്ക് ഉയരാനാവില്ല.
6. Young saint old devil.
   ചെറുപ്പത്തിൽ സന്യാസി വാർദ്ധക്യത്തിൽ പിശാച്
7. Judge a tree by its fruits, not by its leaves.
   ഒരു മരത്തെ അതിലെ പഴങ്ങൾ നോക്കി വിലയിരുത്തുക. ഇലകൾ നോക്കിയല്ല.

# പ്രവചന പ്രദീപിക

Founder Editor : Late Sri. Y.Ezekiel, Aramada

വാല്യം 58 June - September 2021 No.3



## ഡോക്ടറേറ്റ് ലഭിച്ചു.

കുറിപ്പ് : പ്രവചന പ്രദീപികയുടെ പത്രാധിപ സമിതി അംഗം സുവിശേഷകൻ **ഡാനി എസക്കിയേലിന്** Theology-ൽ ഡോക്ടറേറ്റ് ലഭിച്ചു.

Y.S.R.

## പത്രാധിപ ലേഖനം

# പ്രവചനങ്ങൾ – യേശുക്രിസ്തുവിന്റെ സാക്ഷ്യപത്രങ്ങൾ

യേശുക്രിസ്തു മശിഹാ ആണെന്ന് വിശ്വസിക്കാതിരുന്ന യിസ്രായേൽ ജനതയോട് കർത്താവ് പറഞ്ഞു: എന്റെ പ്രവർത്തികൾ നിമിത്തം തന്നിൽ വിശ്വസിപ്പാൻ. "...പിതാവ് എന്നിൽ വസിച്ചുകൊണ്ട് തന്റെ പ്രവൃത്തി ചെയ്യുന്നു. ഞാൻ പിതാവിലും പിതാവ് എന്നിലും എന്ന് എന്നെ വിശ്വസിപ്പിൻ, അല്ലെങ്കിൽ പ്രവൃത്തി നിമിത്തം എന്നെ വിശ്വസിപ്പിൻ" (യോഹ.14:10-11). "...പിതാവു എനിക്കു അനുഷ്ടിപ്പാൻ തന്നിരിക്കുന്ന പ്രവൃത്തിയിൽ, ഞാൻ ചെയ്യുന്ന പ്രവൃത്തികൾ തന്നെ പിതാവ് എന്ന് എന്നെക്കുറിച്ചു സാക്ഷീകരിക്കുന്നു" (യോഹ. 5:36).

യേശുക്രിസ്തുവിന്റെ ഉപദേശങ്ങളിലും പ്രഭാഷണങ്ങളിലും വിശ്വാസിക്കാതിരുന്ന യഹൂദ ജാതിയെ യേശുക്രിസ്തു വെല്ലുവിളിച്ചു പറയുകയാണ്, "എന്റെ പ്രവർത്തികൾ നിമിത്തം എന്നിൽ വിശ്വസിക്കുവിൻ" എന്ന്. കാരണം യേശുക്രിസ്തു ജനമദ്ധ്യേ ചെയ്ത പ്രവർത്തികൾ പഴയ നിയമത്തിൽ പ്രവചിക്കപ്പെട്ടിട്ടുള്ളവയാണ്. ആ പ്രവൃത്തികൾ യേശുക്രിസ്തു ദൈവപുത്രനും മശിഹായും ആണെന്ന് തെളിയിക്കുന്നവയാണ്. യേശുക്രിസ്തു ഉജ്ജ്വലമായ പ്രഭാഷണങ്ങളും അവകാശവാദങ്ങളും ഉയർത്തിയവൻ മാത്രമല്ല അവ തെളിയിക്കുന്ന പ്രവൃത്തികൾ ചെയ്തവനും കൂടെയാണ്. അഥവാ തന്റെ പ്രസംഗത്തെ പ്രവർത്തികളിലൂടെ തെളിയിച്ചവനാണ്. "ഞാൻ ലോകത്തിന്റെ വെളിച്ചമാണ്" എന്നു പറഞ്ഞവൻ (യോഹ. 9:5). കുരുടന്റെ കണ്ണുതുറന്നു കാഴ്ച നൽകി ഞാൻ തന്നെ പുനരുദ്ധാനവും ജീവനും എന്ന് പ്രസംഗിച്ചവൻ (യോഹ. 11:25). മരിച്ച് നാറ്റം വച്ച ലാസറിനെ മരണത്തിൽ നിന്നും ഉയിർപ്പിച്ചു. പാപികളെ രക്ഷിപ്പാൻ തന്റെ ജീവൻ വെച്ചുകൊടുക്കുമെന്ന് പ്രസംഗിച്ചവൻ ക്രൂശിൽ രക്തം ചിന്തി മരിച്ച്

അതു തെളിയിച്ചു. അങ്ങനെ യേശുക്രിസ്തുവിന്റെ പ്രവൃത്തികൾ അവന്റെ പ്രഭാഷണങ്ങളെക്കാൾ ഉറക്കെ സംസാരിക്കുകയാണ്.

പൊതുജനം അവനിൽ വിശ്വസിച്ചില്ല എന്നു മാത്രമല്ല യേശുക്രിസ്തുവിന്റെ മുന്നോടിയായി വന്ന് അവന്ന് വഴി നിരത്തിയ യോഹന്നാൻ സ്നാപകൻ, "ഇതാ, ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" എന്ന് പറഞ്ഞ് യേശുവിനെ ലോകത്തിന് പരിചയപ്പെടുത്തിയ യോഹന്നാൻ യേശുക്രിസ്തുവിനെ സംശയിച്ചത് ഹൃദയഭേദകം അല്ലേ? ഹേരോദാവിന്റെ അപഥസഞ്ചാരത്തിനെതിരെ പ്രസംഗിച്ച യോഹന്നാൻ സ്നാപകനെ ഹേരോദാവ് പിടിച്ച് തടവറയിലാക്കി. യേശുക്രിസ്തു ഉടനെ വന്ന് എന്തെങ്കിലും അത്ഭുതം പ്രവർത്തിച്ച് യോഹന്നാൻ സ്നാപകനെ കാരാഗൃഹത്തിൽ നിന്നും ഹേരോദാവിന്റെ വാളിങ്കൽ നിന്നും രക്ഷിക്കുമെന്ന് പാവം സ്നാപക യോഹന്നാൻ വിശ്വസിച്ചു. നാളുകൾ നീണ്ടുപോയി. യോഹന്നാൻ സംശയിച്ചുപോയി. യോഹന്നാൻ യേശുവിന്റെ പ്രവൃത്തികളെക്കുറിച്ച് കേട്ടതാണ്. എങ്കിലും തന്നെ വിടുവിക്കാൻ യേശു ഒന്നും ചെയ്യുന്നില്ലല്ലോ എന്നോർത്ത് യോഹന്നാൻ തളർന്നു പോയി. വരുവാനുള്ളവൻ നീ തന്നെയോ എന്ന് യോഹന്നാൻ ശിഷ്യന്മാരെ വിട്ട് യേശുവിനോട് ചോദിപ്പിച്ചു. യേശു അതിനു കൊടുത്ത മറുപടി: കുരുടർ കാണുന്നു; മുടന്തർ നടക്കുന്നു, കുഷ്ഠരോഗികൾ ശുദ്ധരായി തീരുന്നു, ചെകിടർ കേൾക്കുന്നു, മരിച്ചവർ ഉയിർക്കുന്നു, ദരിദ്രരോട് സുവിശേഷം അറിയിക്കുന്നു എന്നിങ്ങനെ നിങ്ങൾ കേൾക്കയും കാണുകയും ചെയ്യുന്നത് യോഹന്നാനെ ചെന്ന് അറിയിപ്പിൻ എന്നാണ് (യോഹ. 11:2-5).

മശിഹായുടെ കാലത്ത് ഈ വക പ്രവർത്തികൾ ചെയ്യും എന്ന് പഴയനിയമത്തിൽ നിന്ന് യഹൂദന്മാർ അറിഞ്ഞിരുന്നു. "അന്നു കുരുടന്മാരുടെ കണ്ണു തുറന്നു വരും, ചെകിടന്മാരുടെ ചെവി അടഞ്ഞിരിക്കുകയുമില്ല. അന്നു മുടന്തൻ മാനിനെപ്പോലെ ചാടും, ഊമന്റെ നാവും ഉല്ലസിച്ചു ഘോഷിക്കും...."(യെശ.35:5-6). ഈ പ്രവചനങ്ങളുടെ നിവർത്തിയാണ് കർത്താവിലൂടെ സംഭവിച്ചത്. അതായത്, ഈ അത്ഭുത പ്രവർത്തികൾ കർത്താവിന്റെ സാക്ഷിപത്രങ്ങളാണ്. യോഹന്നാൻ സ്നാപകന് ഈ കാര്യം മനസ്സിലാക്കുന്നതിൽ വീഴ്ചപറ്റിപ്പോയി. എങ്കിലും യേശുക്രിസ്തു യോഹന്നാനെ ശാസിക്കുകയോ വിമർശിക്കുകയോ ചെയ്യാതെ യോഹന്നാനെ കുറിച്ച് ഏറ്റവും ശ്രേഷ്ടമായത് പറയുന്നു. "സ്ത്രീകളിൽ നിന്ന് ജനിച്ചവരിൽ യോഹന്നാനെക്കാൾ വലിയവൻ ആരും എഴുന്നേറ്റിട്ടില്ല" (മത്താ.11:11). യോഹന്നാന്റെ മാത്രം വീഴ്ചയല്ല ഇത്, ശിഷ്യന്മാർ എല്ലാവരും യേശുക്രിസ്തുവിനെ വേണ്ടവിധത്തിൽ മനസ്സിലാക്കിയില്ല. ഉയിർത്തെഴുന്നേറ്റ ശേഷം അവർ കൂടിയിരുന്നപ്പോൾ ശിഷ്യന്മാർ യേശുവിനോടു ചോദിച്ച ചോദ്യം: "കർത്താവേ യിസ്രായേലിന്ന് ഈ കാലത്തിലോ രാജ്യം യഥാസ്ഥാനത്താക്കി കൊടുക്കുന്നത്" എന്നു ചോദിച്ചു. അവർക്ക് ഭൗതികമായ രാജ്യമായിരുന്നു മുന്നിൽ. അവർക്ക് ആത്മീയ നന്മയേക്കാൾ അധികം ഭൗതിക നന്മയും ഉയർച്ചയുമായിരുന്നു പ്രധാനം. ഭൗതികത അവരുടെ കണ്ണു കുരുടാക്കിയതിനാൽ ആത്മീയ കാഴ്ച നഷ്ടപ്പെട്ടിരുന്നു.

പൗലൂസ് അപ്പോസ്തലൻ തന്റെ രോഗം മാറാൻ മൂന്നുവട്ടം മുട്ടിപ്പായി പ്രാർത്ഥിച്ചു. കർത്താവു പൗലൂസിന് ആ രോഗം മാറ്റി കൊടുത്തില്ല. എത്രയോപേർക്ക് രോഗശാന്തി നൽകിക്കൊടുത്തവൻ, എത്രയോ വലിയ വീര്യപ്രവർത്തികൾ ചെയ്തവൻ, തന്റെ കാര്യം അപേക്ഷിച്ചിട്ട് അതും മൂന്നുപ്രാവശ്യം പ്രാർത്ഥിച്ചിട്ടും കർത്താവ് മാറ്റിക്കൊടുത്തില്ല. പകരം "എന്റെ കൃപ നിനക്കു മതി എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞു വരുന്നു" എന്നാണ് കർത്താവു പൗലൂസിനോട് പറഞ്ഞത്. കർത്താവിന്റെ കൃപ ഏതു സാഹചര്യത്തിലും നമുക്ക് മതിയായതാണ്. ദൈവം ക്രിസ്തുവിനെകൊണ്ട് ചെയ്യിച്ച അത്ഭുതപ്രവർത്തികളും

# ക്രിസ്തുവിന്റെ പ്രയോജനം ലഭിക്കാതെ പോയ മൂവർസംഘം

Evangelist Dr.Dani Ezekiel, MA, M.Th., Ph.D

കർത്താവിനാൽ സകലർക്കും സകലവിധത്തിലും പ്രയോജനമേ ഉണ്ടായിട്ടുള്ളൂ. കർത്താവ് തൊട്ടവരും കർത്താവിനെ തൊട്ടവരും എന്ന് പ്രാസത്തിനായി പറയുന്നല്ലൊ. അത് അങ്ങനെ തന്നെയാണ്. രക്തസ്രാവക്കാരി കർത്താവിനെ തൊട്ട് സൗഖ്യം പ്രാപിച്ചപ്പോൾ (മർക്കൊ.5:28,29) കുഷ്ഠരോഗികളെ യേശുക്രിസ്തു തൊട്ടു സൗഖ്യമാക്കി (മത്തായി. 8:1-4). ക്രിസ്തുവിനെ തൊട്ടാൽ ഉടനടി രോഗസൗഖ്യം ഉണ്ടാകും എന്ന് ജനത്തിന് മനസ്സിലായപ്പോൾ അവർ ആ ശൈലി നിയമമാക്കി അവലംബിക്കുവാൻ ആരംഭിച്ചു: "ഊരുകളിലോ പട്ടണങ്ങളിലോ കുടികളിലോ അവൻ ചെന്നെടത്തൊക്കെയും അവർ ചന്തകളിൽ രോഗികളെ കൊണ്ടുവന്നുവെച്ചു, അവന്റെ വസ്ത്രത്തിന്റെ തൊങ്ങൽ എങ്കിലും തൊടേണ്ടതിന് അപേക്ഷിക്കയും അവനെ തൊട്ടവർക്ക് ഒക്കെയും സൌഖ്യം വരികയും ചെയ്തു" (മർക്കൊ.6:55,56). ഇത് ഒന്നു തൊട്ടപ്പോൾ ഉള്ള അവസ്ഥയാണെന്ന് ഓർക്കണം. മാത്രമല്ല, സകലവിധ ദീനക്കാർക്കും ക്രിസ്തുവിനാൽ പ്രയോജനം ലഭിച്ചു: "ആ നാഴികയിൽ അവൻ വ്യാധികളും ദണ്ഡങ്ങളും ദുരാത്മാക്കളും പിടിച്ച പലരെയും സൌഖ്യമാക്കുകയും പല കുരുടന്മാർക്കും കാഴ്ച നല്കുകയും ചെയ്തിട്ടു അവരോടു: കുരുടർ കാണുന്നു; മുടന്തർ നടക്കുന്നു; കുഷ്ഠരോഗികൾ ശുദ്ധരായിത്തീരുന്നു; ചെകിടർ കേൾക്കുന്നു; മരിച്ചവർ ഉയിർത്തെഴുന്നേല്ക്കുന്നു; ദരിദ്രന്മാരോടു സുവിശേഷം അറിയിക്കുന്നു എന്നിങ്ങനെ നിങ്ങൾ കാണുകയും കേൾക്കയും ചെയ്യുന്നത് യോഹന്നാനെ ചെന്ന് അറിയിപ്പിൻ" (ലൂക്കോ. 7:21,22). ക്രിസ്തുവിനാലുള്ള പ്രയോജനം അളവില്ലാത്തവണ്ണം പുറപ്പെട്ടതിനാൽ വളരെ വലിയ ഒരു ജനാവലി തന്നെ അവർക്കു ചുറ്റിലും രൂപപ്പെട്ടു: "വരുന്നവരും പോകുന്നവരും വളരെ ആയിരുന്നതിനാൽ അവർക്ക് ഭക്ഷിപ്പാൻപോലും സമയം ഇല്ലായ്കകൊണ്ടു അവൻ അവരോടു: നിങ്ങൾ ഒരു ഏകാന്തസ്ഥലത്തു വേറിട്ടുവന്നു അല്പം ആശ്വസിച്ചുകൊൾവിൻ എന്നു പറഞ്ഞു" (മർക്കൊ.6:31). എന്നാൽ ക്രിസ്തു പറഞ്ഞ തിരുവായ്മൊഴികളുടെ (മത്താ. 5:2) പ്രയോജനം ഇതിലും ദൂരവ്യാപകമായിരുന്നു. അതിനാലാണ് പത്രൊസ് ഇങ്ങനെ പറഞ്ഞത്: "കർത്താവേ, ഞങ്ങൾ ആരുടെ അടുക്കൽ പോകും? നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കൽ ഉണ്ട്" (യോഹ.6:68). മാത്രമല്ല മഹാപുരോഹിതർ അയച്ച ചേവകർ ക്രിസ്തുവിനെക്കുറിച്ചു പറഞ്ഞ കാരണം നോക്കുക. "ഈ മനുഷ്യൻ സംസാരിക്കുന്നത് പോലെ ആരും ഒരുനാളും സംസാരിച്ചിട്ടില്ല എന്ന് ചേവകർ ഉത്തരം പറഞ്ഞു" (യോഹ.7:46). ക്രിസ്തുവിന്റെ പ്രവൃത്തിയാലും വാക്കുകളാലും ഉള്ള പ്രയോജനം അന്നുള്ളവരും

---

വീര്യപ്രവർത്തികളും കണ്ടിട്ടും ഏതു മുഖാന്തിരവും 'രാജ്യം' വേണം എന്ന ചിന്ത യഹൂദന്റെ ആത്മീയ കണ്ണിനെ കുരുടാക്കിയതിനാൽ യേശുക്രിസ്തു മശിഹാ ആണെന്ന് തിരിച്ചറിയാൻ കഴിയാതെ അവനെ ക്രൂശിച്ചു കൊന്നുകളഞ്ഞു.

യേശുക്രിസ്തു ചെയ്ത അത്ഭുതപ്രവർത്തികൾ എത്ര കണ്ടിട്ടും അവനെ യഹൂദജാതി തിരസ്ക്കരിച്ചു കളഞ്ഞു. അതുകൊണ്ട് കർത്താവ് തന്റെ വീര്യപ്രവർത്തികൾ മിക്കതും നടന്ന പട്ടണങ്ങൾ മാനസ്സാന്തരപ്പെടായ്കയാൽ അവയെ ശാസിക്കുകയും ശപിക്കുകയും ചെയ്തു. അവർ ന്യായം വിധിക്കപ്പെടും എന്നും ഓർപ്പിച്ചു (മത്താ. 11:20-24)

യേശുക്രിസ്തുവിന്റെ പ്രവർത്തികളും നടത്തിപ്പുകളും നമ്മുടെ ജീവിതത്തിൽ ഉടനീളം കണ്ടിട്ടും നാമും പലപ്പോഴും അവനെ വീണ്ടും ക്രൂശിക്കുന്നവരായി തീർന്നിട്ടില്ലേ? (എബ്രാ.6:6). അതുകൊണ്ട് വിശ്വാസികളായ നാമും മാനസ്സാന്തരപ്പെട്ട് അവങ്കലേയ്ക്ക് തിരിയാം.❖ Y.S.R.

ഇന്നുള്ളവരും ആവോളം അനുഭവിച്ചു. എന്നാൽ ക്രിസ്തുവിനാൽ ഉള്ള ഈ ബഹുവിധമായ പ്രയോജനം അനുഭവിക്കുവാൻ ആകാതെപോയ മൂന്നു കൂട്ടം ആളുകൾ മാത്രമേ ഉണ്ടായിട്ടുള്ളൂ. അവർ ആരെല്ലാമെന്ന് ചിന്തിക്കാം.

കുറിവാക്യം: "നിങ്ങൾ പരിച്ഛേദന ഏറ്റാൽ ക്രിസ്തുവിനെകൊണ്ടു നിങ്ങൾക്ക് ഒരു പ്രയോജനവുമില്ല എന്ന് പൌലോസായ ഞാൻ നിങ്ങളോട് പറയുന്നു" (ഗലാ.5:2).

**1. യെഹൂദർ:-** ഒന്നാമത്തെ കൂട്ടർ യെഹൂദരും യഹൂദരായ പരിച്ഛേദനാവാദികളും ആണ്. "എങ്കിലും പരീശന്മാരും ന്യായശാസ്ത്രിമാരും അവനാൽ സ്നാനം ഏല്ക്കാതെ ദൈവത്തിന്റെ ആലോചന തങ്ങൾക്ക് വൃഥാവാക്കിക്കളഞ്ഞു" (ലൂക്കോ 7:30). ഇത് ക്രിസ്തുവിന്റെ സമകാലീനരായവരും ക്രിസ്തുവിന്റെ മരണത്തിന് കാരണക്കാരുമായ പരീശശാസ്ത്രവർഗ്ഗത്തെ ചൂണ്ടികാണിക്കുന്നു. അതുപോലെ തന്നെ കുറിവാക്യത്തിൽ രേഖപ്പെടുത്തിയ പരിച്ഛേദനക്കാരും ക്രിസ്തുവിനാൽ ഒരു പ്രയോജനവും ലഭിക്കാത്തവരാണ്. ആമുഖമായി നാം കണ്ടത് ക്രിസ്തുവിനെ സമീപിച്ച ആർക്കും പ്രയോജനം ലഭിക്കാതെ പോയില്ല എന്നതാണ്. എന്തു പ്രശ്നത്താലും എത്ര പ്രശ്നത്താലും വന്നാലും അവർക്ക് പ്രയോജനം ലഭിച്ചിരുന്നു. എന്നാൽ ഇവർക്ക് ക്രിസ്തുവിനെ കൊണ്ടു ഒരു പ്രയോജനം പോലും ലഭിച്ചില്ലെങ്കിൽ ഇവർക്ക് പിന്നെ ആരിൽ നിന്നും ഒരു പ്രയോജനവും ഉണ്ടാകയില്ല എന്നത് വ്യക്തമല്ലേ. മാത്രമല്ല ഉടമ്പടിയിലെ ശാപം പേറുന്നവരെപ്പോലെയും (ആവർ.28:15-69) എനിക്ക് ഒരു അനുഗ്രഹം പോലുമില്ലേ അപ്പാ എന്ന് പരിതപിച്ച് ശാപത്താൽ അനുഗ്രഹിക്കപ്പെടേണ്ട ഗതിയുണ്ടായ ഏശാവിന്റെ അവസ്ഥയും (ഉല്പ.27:38, എബ്രാ.12:16-17) നിർദ്ദോഷരക്തം ചിന്തിയതിനാൽ ശാപത്തിന്റെ അടയാളം നെറ്റിയിൽപേറി ഉഴന്നലഞ്ഞ കയീന്റെ അവസ്ഥയുമാണ് (ഉല്പ. 4:12) ഇക്കൂട്ടർക്കുള്ളത്.

**2. പുരാതന ലോകക്കാർ:-** രണ്ടാമത്തെ കൂട്ടർ നോഹയുടെ കാലത്തുണ്ടായിരുന്ന പുരാതന ലോകക്കാർ ആണ്. നോഹയുടെ 120 വർഷത്തെ (ഉല്പ.5:32; 6:3; 7:6) ദൈർഘ്യമേറിയ പ്രസംഗവും ദൈവത്തിന്റെ ദീർഘക്ഷമയും (1 പത്രൊ. 3:19) ഈ കൂട്ടർക്ക് പ്രയോജനപ്പെടുത്തുവാൻ ആയില്ല. തുടർന്ന് അല്പജനം എന്നു വെച്ചാൽ എട്ടുപേർക്ക് (1 പത്രൊ.3:20) മാത്രമേ കാര്യങ്ങൾ പ്രയോജനപ്പെട്ടുള്ളൂ. ഈ ബഹുഭൂരിപക്ഷം ജനത്തിന് അവരുടെ ഭോഷത്വവും നിഷ്പ്രയോജനത്വവും മനസ്സിലാക്കിക്കൊടുത്തത് ക്രിസ്തു തന്നെയാണ്. ഇത് എങ്ങനെ, എപ്പോൾ, എവിടെ വെളിപ്പെടുത്തി ബോദ്ധ്യമാക്കി കൊടുത്തു എന്നത് വിചിത്രമാണ്. "ആത്മാവിൽ അവൻ ചെന്നു പണ്ടു നോഹയുടെ കാലത്ത് പെട്ടകം ഒരുക്കുന്ന സമയം ദൈവം ദീർഘക്ഷമയോടെ കാത്തിരിക്കുമ്പോൾ അനുസരിക്കാത്തവരായി തടവിലുള്ള ആത്മാക്കളോടു പ്രസംഗിച്ചു" (1 പത്രൊസ് 3:19). ഈ വേദഭാഗം പ്രയാസകരമായ ഒന്നാണ്. ഇതിനുള്ള ഒരു വ്യാഖ്യാനം നോഹയുടെ കാലത്ത് കർത്താവിന്റെ ആത്മാവിലാണ് നോഹ പ്രസംഗിച്ചതെന്നും അദ്ദേഹത്തിന്റെ സമകാലീനർ ഇത് അനുസരിക്കാതെ തടവിൽ ആക്കപ്പെട്ടു എന്നതാണ്. എന്നാൽ അതിനെക്കാൾ അഭികാമ്യമായത്, യേശുക്രിസ്തു ക്രൂശിലെ മരണശേഷം തന്റെ ശരീരം അരിമത്യയിലെ യോസേഫിന്റെ കല്ലറയിൽ വിശ്രമിക്കവെ, ആത്മാവിൽ ചെന്ന് നോഹയുടെ പ്രസംഗംകേട്ട് അക്കാലത്ത് അനുസരിക്കാത്തതിനാൽ തടവിൽ ആക്കപ്പെട്ടിരിക്കുന്ന അഥവാ അധമ പാതാളത്തിൽ (യാതനാസ്ഥലം) ആത്മാക്കളോട് പ്രസംഗിച്ചു എന്നതാണ്. എന്നാൽ എന്തായിരിക്കും യേശു അവിടെ പ്രസംഗിച്ചത് എന്ന സംശയം ഉളവാകാം. അത് കർത്താവ് താൻ മുൻപറഞ്ഞു തുടങ്ങിയ രക്ഷ (എബ്ര. 2:3) തന്റെ മരണത്തിലൂടെ പൂർണ്ണമായും സകലവും നിവൃത്തിയാക്കയും (യോഹ.19:30)

താൻ പൂർത്തിവരുത്തുന്നവനുമാണ് എന്ന് (എബ്രാ.12:2) യേശുക്രിസ്തു പ്രഖ്യാപിക്കുകയാണ് ഈ പ്രസംഗത്താൽ ചെയ്യുന്നത്. ഈ പ്രഖ്യാപനം രക്ഷിക്കപ്പെട്ട ഏവരുടേയും ചുമതലയാണ് എന്ന് സങ്കീർത്തനം 22:30,31 വ്യക്തമാക്കുന്നു: "ഒരു സന്തതി അവനെ സേവിക്കും; വരുന്ന തലമുറയോടു യഹോവയെക്കുറിച്ചു കീർത്തിക്കും. അവർ വന്നു ജനിപ്പാനുള്ള ജനത്തോടു അവൻ നിവർത്തിച്ചിരിക്കുന്നു എന്നു അവന്റെ നീതിയെ വർണ്ണിക്കും" (സങ്കീ.22:30,31).

ഈ ദൗത്യമാണ് പ്രസംഗരൂപേണ ക്രിസ്തു പറുദീസയിൽ നിന്ന് താഴെ യാതനാസ്ഥലത്തുള്ള തടവിലുള്ള ആത്മാക്കളോട് പ്രസ്താവിച്ചത്. ഇത് സാധ്യമാണ് എന്നതിന് ധനവാന്റെയും ലാസറിന്റെയും ഉപമ നോക്കുക. അതായത് നോഹയുടെ കാലത്ത് വാഗ്ദത്തം ചെയ്യപ്പെട്ടതിന്റെ തുടർച്ചയായ രക്ഷ തന്നിലൂടെ ഇതാ നിവർത്തിക്കപ്പെട്ടിരിക്കുന്നു. തങ്ങൾ എത്രയോ നിർഭാഗ്യവാന്മാർ ആണ് എന്നും ദൈവപദ്ധതിയെ തിരസ്കരിച്ചാൽ ഇതാണ് ഫലം എന്നും അവർക്ക് ബോദ്ധ്യപ്പെട്ടു. എന്നാൽ ക്രിസ്തു ഒരുക്കിയ രക്ഷാപദ്ധതി കാണുവാനല്ലാതെ അവർക്ക് ഒരുനാളും അതിൽ പ്രവേശിക്കാൻ ആകാതെ വന്നതിനാൽ ക്രിസ്തുവിനാൽ ഉള്ള പ്രയോജനം ഇവർക്ക് ലഭിച്ചില്ല. ഇവരെപ്പോലെ തന്നേ ആണ് ഇന്നും ക്രിസ്തുവിൽ വിശ്വസിക്കാത്ത പാപത്തിൽ തുടരുന്നവരുടേയും അവസ്ഥ.

**3. പരിജ്ഞാനം പ്രാപിക്കാത്ത വിശ്വാസികൾ:** മൂന്നാമത്തെ കൂട്ടരാകട്ടെ വിശ്വാസികൾ ആണെങ്കിലും ക്രിസ്തുവിനെക്കൊണ്ട് രക്ഷയൊഴികെ മറ്റു പ്രയോജനമൊന്നും ലഭിക്കാത്തവരാണ്. വിശ്വാസികളിൽ തന്നെ രണ്ടു കൂട്ടരുണ്ടെന്ന് പൗലോസ് നമ്മെ പഠിപ്പിക്കുന്നു. "എന്നാൽ സഹോദരന്മാരേ, നിങ്ങളോട് എനിക്ക് ആത്മികന്മാരോട് എന്നപോലെ അല്ലാ ജഡികന്മാരോട് എന്നപോലെ ക്രിസ്തുയേശുവിൽ ശിശുക്കളായവരോടു എന്നപോലെ അത്രേ സംസാരിപ്പാൻ കഴിഞ്ഞുള്ളു." (1 കൊരി.3:1). ഒട്ടുമിക്ക വിശ്വാസികളും കാലം നോക്കിയാൽ ഇപ്പോൾ ഉപദേഷ്ടാക്കന്മാർ ആകുവാൻ സമയമായെങ്കിലും ആദ്യപാഠങ്ങളിൽ ഇരിക്കുന്ന പാൽ കുടിക്കുന്ന ശിശുക്കൾക്ക് സമരാണ് (എബ്രാ. 5:2-14) എന്ന് പൗലോസ് വ്യസനത്തോടെ ഓർക്കുന്നു. ഈ ആദ്യഘട്ടം അനിവാര്യമാണെങ്കിലും അടുത്തഘട്ടം അത്യന്താപേക്ഷിതവും അഭികാമ്യവും ഏറ്റവും അഭിലഷണീയവുമാണ്. "അവൻ (ദൈവം) സകല മനുഷ്യരും രക്ഷപ്രാപിപ്പാനും സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുവാനും ഇച്ഛിക്കുന്നു (1 തിമൊ. 2:4). തന്റെ മക്കൾ എല്ലാവരും ശൈശവ അവസ്ഥ വിട്ട് പുരുഷത്വം ആർജ്ജിക്കണം എന്ന് ഏത് മാതാപിതാവും ആഗ്രഹിക്കുന്നതുപോലെ ദൈവവും ഇച്ഛിക്കുന്നു.

എന്നാൽ ദൈവമക്കൾക്കാകട്ടെ ഈ ഇച്ഛ അങ്കുരിച്ചുകാണുന്നില്ല. ഈ ഇച്ഛ പൂവണിഞ്ഞാൽ അതിന്റെ ഫലവും അതാത് വിശ്വാസിക്ക് അനുഭവവേദ്യം ആകുമായിരുന്നു. "ഭക്തിവിരുദ്ധമായ കിഴവിക്കഥകളെ ഒഴിച്ചു ദൈവഭക്തിക്ക് തക്കവണ്ണം അഭ്യാസം ചെയ്ക. ശരീരാഭ്യാസം അല്പപ്രയോജനമുള്ളതത്രേ; ദൈവഭക്തിയോ ഇപ്പോഴത്തെ ജീവന്റെയും വരുവാനിരിക്കുന്നതിന്റേയും വാഗ്ദത്തമുള്ളതിനാൽ സകലത്തിനും പ്രയോജനകരമാകുന്നു" (1 തിമൊ. 4:7,8). "ഈ സർവ്വ പ്രയോജനത്തിനുള്ള അഭ്യസനത്തിന് മുതിരാതെ വിശ്വാസികൾ തന്നേയും കുറുക്കുവഴികൾ തേടി ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തി ത്യജിക്കുന്നവരുമായിരിക്കും" (2 തിമൊ.3:5) എന്ന് പൗലോസ് മുന്നറിയിപ്പ് തരുന്നു. ഇന്ന് പല വിശ്വാസികളിലും വചനം ഉണ്ട്, അന്യഭാഷ ഉണ്ട്. പക്ഷേ മുകളിൽ പറഞ്ഞ ശക്തിയില്ല. "കർത്താവിന്നു ഇഷ്ടം എങ്കിൽ ഞാൻ വേഗം നിങ്ങളുടെ അടുക്കൽ വന്നു. ചീർത്തിരിക്കുന്നവരുടെ വാക്കല്ല ശക്തി തന്നേ കണ്ടറിയും. ദൈവരാജ്യം വചനത്തിലല്ല ശക്തിയിലത്രേ ആകുന്നു" (1 കൊരി. 4:19,20). ദൈവരാജ്യത്തിന്റെ ഏറ്റവും വലിയ പ്രത്യേകത നമ്മെ യഥാസ്ഥാനപ്പെടുത്താൻ കഴിവുള്ള ഈ ശക്തിയാണെന്ന്

മുമ്പെ തന്നെ കർത്താവ് തന്റെ മൂന്ന് ശിഷ്യപ്രമുഖരെ ഉറപ്പിക്കാൻ പറഞ്ഞിട്ടുണ്ടല്ലോ. "പിന്നെ അവൻ അവരോടു: ദൈവരാജ്യം ശക്തിയോടെ വരുന്നതു കാണുവോളം മരണം ആസ്വദിക്കാത്തവർ ചിലർ ഈ നിൽക്കുന്നവരിൽ ഉണ്ട് എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു" (മർക്കൊ.9:1).

എന്നാൽ ഈ ശക്തി പ്രകടിപ്പിച്ചില്ലെങ്കിൽ ഒരു വിശ്വാസിയുടെ വിശ്വാസം തന്നേ ചോദ്യചിഹ്നമാണ്. കാരണം അവൻ വിശ്വാസിയാണോ എന്നത് തന്നേ സംശയാസ്പദമായിത്തീരും എന്നത് തികച്ചും ഒരു വലിയ ആശങ്ക തന്നെയാണ്. വേർപാടുകാർക്ക് രക്ഷയുടെ ഭദ്രതയെക്കുറിച്ചുള്ള വചനങ്ങൾ അറിയാം, ഒരിക്കൽ രക്ഷിക്കപ്പെട്ടാൽ അത് നഷ്ടമാവില്ല എന്നും ബൗദ്ധികമായി അറിഞ്ഞതിന്റെ ആശ്വാസം ഉണ്ട്. പക്ഷേ അതിനെക്കാൾ ഉപരി മുകളിൽ പ്രതിപാദിച്ച ശക്തി അനുഭവവേദ്യമായില്ല എങ്കിൽ രക്ഷിക്കപ്പെട്ടോ എന്നത് തന്നേ സംശയത്തിന്റെ നിഴലാകും. "നിങ്ങൾ വിശ്വാസത്തിൽ ഇരിക്കുന്നുവോ എന്ന് നിങ്ങളെത്തന്നേ പരീക്ഷിപ്പിൻ. നിങ്ങളെത്തന്നേ ശോധന ചെയ്‌വിൻ. നിങ്ങൾ കൊള്ളരുതാത്തവർ അല്ല എന്നു വരികിൽ, യേശുക്രിസ്തു നിങ്ങളിൽ ഉണ്ടു എന്ന് നിങ്ങളെത്തന്നേ അറിയുന്നില്ലയോ" (1 കൊരി. 13:5). "ഇങ്ങനെ ആത്മാവില്ലാത്ത ശരീരം നിർജ്ജീവമായിരിക്കുന്നതുപോലെ പ്രവൃത്തിയില്ലാത്ത വിശ്വാസവും നിർജ്ജീവമാകുന്നു" (യാക്കോ. 2:26). "ആകാത്ത ഫലം കായ്ക്കുന്ന നല്ല വൃക്ഷമില്ല, നല്ല ഫലം കായ്ക്കുന്ന ആകാത്ത വൃക്ഷവുമില്ല. ഏതു വൃക്ഷത്തെയും ഫലം കൊണ്ടറിയാം മുള്ളിൽ നിന്ന് അത്തിപ്പഴം ശേഖരിക്കുകയും ഞെരിഞ്ഞിലിൽ നിന്ന് മുന്തിരിങ്ങാ പറിക്കയും ചെയ്യുമാറില്ലല്ലോ" (ലൂക്കോ. 6:43, 44) എന്ന് ക്രിസ്തുവും ഇവരുടെ നിഷ്പ്രയോജനത്തെക്കുറിച്ച് എത്രയും വ്യക്തമായിപ്പറയുന്നു. അങ്ങനെ ശക്തിയോ, നന്മയോ, പ്രവൃത്തിയോ ഇല്ലാതെ മരണവാതിൽ പുല്കിയിരിക്കുന്ന എത്രയും വിശ്വാസികൾ ഉണ്ട്.

## വീണ്ടും ജീവിച്ച് പ്രയോജനപ്പെടുവാനുള്ള മാർഗ്ഗം:

സസ്യശാസ്ത്രത്തിൽ നിന്ന് ഏവരുടേയും ഗുണമേന്മ വർദ്ധിപ്പിക്കുവാനുള്ള ഒരു ഉപാധിയാണ് പൗലോസ് ഇതിനായി ഉദ്ധരിച്ചിരിക്കുന്നത്. കാട്ടൊലിവുകളായ നമ്മെ നാട്ടൊലിവിലേക്ക് ഒട്ടിച്ചു ചേർക്കയും അവയുടെ ഫലപ്രദമായ വേരിന് പങ്കാളികളാക്കുകയുമാണ് ദൈവം ചെയ്തത് (റോമർ 11:17). പക്ഷേ ദാവീദിന്റെ വേരായ ക്രിസ്തു (വെളി. 5:5) നമ്മെ വഹിച്ചിട്ട് അവന്റെ ഫലപ്രദമായ വേർ നമ്മിൽ നിഷ്ഫലമായി ഇരിക്കുന്നു എന്നത് തീർത്തും ഒരു വിരോധാഭാസമാണ്. എന്നാൽ ഇതിന്റെ പൂർണ്ണ ഉത്തരവാദിത്വം നമുക്കു തന്നെയാണ്. കാരണം നാം മൂന്ന് മേഖലകളിൽ പരാജയപ്പെട്ടുപോയി. അവ ഏതെന്നാൽ പ്രാർത്ഥന, വായന, പ്രവൃത്തി എന്നിവയുടെ സമാസമ സമന്വയം നമ്മിൽ അന്യം നിന്നുപോയി എന്നത് ആണ്. ഇവ മൂന്നും ചെയ്യുമെങ്കിൽ കാര്യങ്ങൾ ക്ഷണത്തിൽ സാധിതപ്രായമായിത്തീരും എന്നതിന് മൂന്ന് ഉദാഹരണങ്ങൾ: (1) ഒന്നാമതായി, അഞ്ചപ്പവും രണ്ടുമീനുംകൊണ്ട് അയ്യായിരത്തെ പോഷിപ്പിച്ച ശേഷം ജനത തന്നെ പിടിച്ചു രാജാവാക്കുവാൻ ഭാവിക്കുന്നു എന്ന് (യോഹ. 6:15) കർത്താവ് മനസ്സിലാക്കിയാറേ പ്രാർത്ഥിപ്പാൻ മലയിലേയ്ക്ക് വാങ്ങിപ്പോയി. എന്നാൽ ക്രിസ്തു ശിഷ്യരെ തനിക്ക് മുമ്പായി അക്കരെ പോകുവാൻ നിർബന്ധിച്ചു (മത്തായി 14:22). അതിൻപ്രകാരം ശിഷ്യർ യാത്രയാകവേ തണ്ടുവലിച്ചു വലഞ്ഞു, കാറ്റു പ്രതികൂലവും ആയി. പടക് ഗലീലകടലിന്റെ നടുവിലും ആയതേയുള്ളൂ, സമയം ഏകദേശം രാത്രി നാലാം യാമം (മർക്കൊ. 6:47-48). അപ്പോൾ കർത്താവ് കടലിൽ നിന്ന് വരികയും അവർ ഭൂതം എന്ന് നിരപിക്കയും പത്രൊസ് വെള്ളത്തിൽ ഒപ്പം നടന്നതും എല്ലാം ഈ അവസരത്തിലാണ് (മത്താ. 14:26-31). ഈ വേദഭാഗങ്ങൾ മത്തായി 14:22-23; മർക്കൊ. 6:45-52; യോഹന്നാൻ 6:15-21 എന്നിവിടങ്ങളിൽ കാണുന്നു. എല്ലായിടത്തും ഇത് അയ്യായിര

പേരെ പോഷിപ്പിച്ചതിന് ശേഷമാണ് വരുന്നത്. 'Synoptic Gospels' ആയ മത്തായിയും മർക്കോസും രേഖപ്പെടുത്തിയത് പോലെ തന്നെ വ്യത്യസ്തമായ യോഹന്നാന്റെ സുവിശേഷവും ഇത് അതേരീതിയിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇതിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. എന്നാൽ യോഹന്നാൻ മാത്രം രേഖപ്പെടുത്തിയ ഒരു വസ്തുതയ്ക്കായി ഉപസംഹാര വാചകം നോക്കുക: "അവൻ അവരോടു: ഞാൻ ആകുന്നു; പേടിക്കേണ്ട എന്നു പറഞ്ഞു. അവർ അവനെ പടകിൽ കയറ്റുവാൻ ഇച്ഛിച്ചു; ഉടനെ പടകു അവർ പോകുന്ന് ദേശത്തു എത്തിപ്പോയി" (യോഹ. 6:20,21). പടക് കടലിന്റെ നടുവിലും തണ്ടുവലിച്ച് ശിഷ്യർ വലഞ്ഞു എന്നും എല്ലാം നാം കണ്ടതാണല്ലോ. പക്ഷേ കർത്താവിനെ പടകിൽ കയറ്റുവാൻ ആഗ്രഹിച്ചപ്പോൾ തന്നേ പടക് കരയ്ക്കടുത്തുപോയി. നമ്മുടെ ക്രിസ്തീയ ജീവിതം സഫലമായ തുറമുഖത്ത് അടുപ്പിക്കുവാനുള്ള ആദ്യനടപടി കർത്താവിനെ പടകിൽ കയറ്റുക എന്നതാണ്. അതിനായി പ്രാർത്ഥന, വായന, ജീവിതം എന്നിവ സമാരംഭിക്കാം.

(2) രണ്ടാമതായി, ഹിസ്ക്കിയാ രാജാവിന്റെ കാലത്ത് ആരാധന പുനഃക്രമീകരിക്കയും പെസഹ ആചരിക്കയും മാത്രമല്ല, ദാവീദിന്റെ കാലത്ത് എന്നോണം അതിയായ ഉണർവ്വും ഉണ്ടായി. തങ്ങളെത്തന്നേ വിശുദ്ധീകരിക്കുന്നതിൽ ലേവ്യർ അക്കാലത്ത് പുരോഹിതന്മാരെക്കാൾ ഉത്സാഹം ഉള്ളവരായിത്തീർന്നു. "ഹോമയാഗങ്ങൾ സമാധാനയാഗങ്ങൾക്കുള്ള പാനീയയാഗങ്ങളോടും കൂടെ അനവധി ആയിരുന്നു. ഇങ്ങനെ യഹോവയുടെ ആലയത്തിലെ ആരാധന യഥാസ്ഥാനത്തായി. ദൈവം ജനത്തിന് ഒരുക്കിക്കൊടുത്തതിൽ യെഹിസ്ക്കിയാവും സകലജനവും സന്തോഷിച്ചു; കാര്യം ക്ഷണത്തിലല്ലോ നടന്നത്" (II ദിന.29:35,36). ദൈവജനം ദൈവകല്പന അനുസരിപ്പാൻ ഇറങ്ങിത്തിരിക്കുമ്പോൾ ദൈവവും അവരുടെ പ്രയത്നം സഫലമാക്കുവാൻ ക്ഷണത്തിൽ പ്രവർത്തിക്കും. ദാവീദ് ദൈവത്തിന് ആലയം പണിയാൻ തയ്യാറായപ്പോൾ ദൈവം അവന് ഒരു ഗൃഹം പണിതു നൽകയും, ദാനിയേൽ 70 സംവത്സരത്തിന് ശേഷമുള്ള സ്വാതന്ത്ര്യലബ്ധിക്കായി ആശിച്ച് പ്രാർത്ഥിച്ചപ്പോൾ യഥാർത്ഥ സ്വാതന്ത്ര്യമായ പാപമോചന പ്രഖ്യാപനമായി 70 ആഴ്ചവട്ടങ്ങളെക്കുറിച്ചുള്ള അരുളപ്പാട് ദൈവത്തിൽ നിന്ന് പ്രാപിക്കയും ചെയ്തു. എന്നാൽ നമ്മുടെ പ്രാർത്ഥന, വായന, ജീവിതം എന്നീ മൂന്നും ദൈവം ആഗ്രഹിക്കുന്ന തോതിലും നിലവാരത്തിലും ആയിരിക്കണം.

(3) മൂന്നാമതായി, കർത്താവിന്റെ ജീവിതത്തിൽ നിന്ന് തനിക്കും നമുക്കും പ്രയോജനപ്രദമായി ത്തീർന്ന ഒരുകാര്യം ഈ ക്ഷണസാദ്ധ്യതയുടെ സാധ്യതതന്നെയാണ്. "അവൻ" (യൂദാ) പോയ ശേഷം യേശു പറഞ്ഞത്: ഇപ്പോൾ മനുഷ്യപുത്രൻ മഹത്വപ്പെട്ടിരിക്കുന്നു; ദൈവം അവനിൽ മഹത്വപ്പെട്ടിരിക്കുന്നു. എങ്കിൽ ദൈവം അവനെ തന്നിൽ തന്നേ മഹത്വപ്പെടുത്തും, ക്ഷണത്തിൽ അവനെ മഹത്വപ്പെടുത്തും" (യോഹ.13:31,32). കർത്താവ് ശിഷ്യരുമായി പെസഹ കഴിക്കവേ പകുതിയായപ്പോൾ യൂദാ ഇറങ്ങിപ്പോകയും ഇതോടെ തന്റെ ക്രൂശീകരണവും അനന്തര സംഭവങ്ങളും ത്വരിതപ്പെടും എന്ന ചിന്ത കർത്താവിനെ വ്രണപ്പെടുത്തുന്നതിന് പകരം ക്ഷണത്തിൽ തന്റെ പിതാവ് തന്നെ ഇതിന് പ്രത്യുപകാരമായി മഹത്വപ്പെടുത്തും എന്ന ചിന്തയാൽ കർത്താവ് വ്യാപൃതനാവുകയാണ് ഉണ്ടായത്. ഈ പ്രോത്സാഹനം നമ്മുടെ വിശ്വാസ പോരാട്ടങ്ങളുടെ നടുവിലെ ആശ്വാസത്തിന്റെ നങ്കൂരം തന്നെയാണ്. അല്ലാതെ നാം യാക്കോബിനെപ്പോലെ വ്യാജം പറഞ്ഞ് ആശ്വസിക്കേണ്ടതില്ല. വേട്ടയിറച്ചി ഇത്ര പെട്ടെന്ന് എങ്ങനെ ലഭിച്ചുവെന്ന് യിസ്ഹാക്ക് ചോദിച്ചപ്പോൾ വേഷംമാറി എത്തിയ യാക്കോബിന്റെ മറുപടിയാണ് നാം പലപ്പോഴും പറയാറുള്ളത്. "യിസ്ഹാക്ക് തന്റെ മകനോടു:മകനേ, നിനക്ക് ഇത്ര വേഗത്തിൽ കിട്ടിയതു എങ്ങനെ എന്നു ചോദിച്ചതിന് നിന്റെ ദൈവമായ യഹോവ എന്റെ നേർക്കു വരുത്തിത്തന്നു എന്ന് അവൻ പറഞ്ഞു

സുവിശേഷവേല സഭയുടെ മൊത്തം ജോലിയാണെന്നു നാം ഗ്രഹിക്കുന്നതുവരെയും പുരോഗമനാത്മകമായി സുവിശേഷവേല ചെയ്യുവാൻ നമുക്കു കഴിയുന്നതല്ല.

സുവിശേഷവേല എല്ലാവരുടെയും ചുമതലയാണെങ്കിലും സുവിശേഷകൻ എന്ന കൃപാവരം ചിലർക്കുമാത്രമുള്ളതാണ്. ഒരു സുവിശേഷകനെ എഴുന്നേൽപ്പിക്കുന്നതു അഥവാ നിയമിക്കുന്നതു കർത്താവിന്റെ മാത്രം അധികാരത്തിൽ പെട്ടതാണ്. "അവൻ ചിലരെ അപ്പോസ്തലന്മാരായും ചിലരെ പ്രവാചകന്മാരായും ചിലരെ സുവിശേഷകന്മാരായും ചിലരെ ഇടയന്മാരായും ഉപദേഷ്ടാക്കന്മാരായും നിയമിച്ചിരിക്കുന്നു" (എഫെ. 4:11). ഉയിർത്തെഴുന്നേറ്റ സഭയുടെ ശിരസ്സായിരിക്കുന്ന നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവാണു ഒരു സുവിശേഷകനെ നിയമിക്കേണ്ടത്. ഒരു അപ്പൊസ്തലനുപോലും ഒരു സുവിശേഷകനെ നിയമിക്കാൻ അധികാരമില്ല, അങ്ങനെ ചെയ്തതായി പുതിയ നിയമത്തിൽ കാണുന്നുമില്ല. ഫീലിപ്പോസ് എന്ന സുവിശേഷകനെ (പ്രവൃ.21:8) ആദ്യം നിയമിച്ചതു സുവിശേഷകനായിട്ടല്ല മേശയിൽ ശുശ്രൂഷിക്കുന്ന ഒരാളായിട്ടാണ് (പ്രവൃ.6:1-6). സുവിശേഷകന്റെ പദവി വളരെ വളരെ വലിയതു തന്നെയാണ്. അപ്പോസ്തലന്റെയും പ്രവാചകന്റെയും കൃപാവരം കഴിഞ്ഞാലുടൻ പറയുന്നതു സുവിശേഷകന്റെ കാര്യമാണ്. അതിനുശേഷമേ ഇടയന്റെയും ഉപദേഷ്ടാവിന്റെയും സംഗതി പറയുന്നുള്ളൂ. ക്രൈസ്തവലോകത്തിലെ പല സംഘങ്ങളിലും സുവിശേഷകനെക്കാൾ വലിയ ഒരു സ്ഥാനമാണു ഇടയനു (Pastor) കൊടുത്തിരിക്കുന്നത്. സുവിശേഷകനായി ആരംഭിച്ച് ഇടയൻ (Pastor) ആയിത്തീരുകയോ ആക്കിത്തീർക്കുകയോ ആണ്. പാസ്റ്റർ ആക്കുന്നതിനു 'പട്ടം കൊടയോ' അല്പംകൂടി മയപ്പെടുത്തി പറഞ്ഞാൽ കൈവെപ്പു ശുശ്രൂഷയോ ഒക്കെ വേണം. സുവിശേഷകനോ? ഈ ചടങ്ങുകളൊന്നും വേണമെന്നില്ലപോലും!

സുവിശേഷകന്റെ ജോലി പ്രധാനമായി സഭയ്ക്കു വെളിയിലാണ്. ഇടയന്റെയും ഉപദേഷ്ടാവിന്റെയും ജോലി പ്രധാനമായി സഭയ്ക്കുള്ളിലുമാണ്. അതുകൊണ്ടാണ് സഭയുടെ ശുശ്രൂഷയേയും ആത്മികാഭിവൃദ്ധിയേയും കുറിച്ചു പറയുന്നിടത്തു (1 കൊരി. 12:28) സുവിശേഷകന്റെ കാര്യം പറയാതിരിക്കുന്നത്. എന്നാൽ സുവിശേഷകനെ കൂടാതെ ഉപദേഷ്ടാവോ ഇടയനോ (ഇതു രണ്ടും ഒരാളെന്ന നിലയിലാണു പറഞ്ഞിരിക്കുന്നത്) തന്റെ ശുശ്രൂഷ നിറവേറ്റുന്നതിനു കഴികയില്ല. സുവിശേഷകൻ പാപികളോടു സുവിശേഷം അറിയിച്ച് അവർ രക്ഷിക്കപ്പെട്ടു സഭയുടെ കൂട്ടായ്മയിൽ വരുന്നു. അതിനുശേഷമാണ് ഉപദേഷ്ടാവിന്റെയും ഇടയന്റെയും ജോലിയ്ക്കു സ്ഥാനമുള്ളത്. ചിലപ്പോൾ സുവിശേഷകനിൽ തന്നെ ഉപദേശിപ്പാനുള്ള കഴിവും ഉണ്ടായിരിക്കും. സുവിശേഷകനെന്നുള്ള കൃപാവരം ഏറ്റം അഭികാമ്യമാണ്. ശ്രേഷ്ഠവരങ്ങളെ വാഞ്ഛിക്കാൻ പറഞ്ഞിട്ടുള്ള സ്ഥിതിക്ക് (1 കൊരി. 12:31) യുവസഹോദരങ്ങളിൽ ചിലർ സുവിഷേകന്റെ കൃപാവരത്തിനായി വാഞ്ഛിക്കുന്നതു ഇക്കാലത്തെ വേലയുടെ ആവശ്യത്തിനനുയോജ്യമായ ഒന്നായിരിക്കും. "എന്റെ ഉജ്വലത്തായ രാഷ്ട്രീയ കഴിവുകളേക്കാൾ ഒരു വിനീതനായ സുവിശേഷ പ്രസംഗിയുടെ സ്ഥാനത്തെ ഞാൻ വിലമതിക്കുന്നു" എന്നു പ്രസിദ്ധനായ ഒരു ബ്രിട്ടീഷ് രാജ്യതന്ത്രജ്ഞൻ പറഞ്ഞിട്ടുണ്ട്. ദൈവത്തിൽ നിന്നു മനുഷ്യർക്കു ലഭിച്ചിട്ടുള്ളതിലേക്കും മഹത്തരമായ സന്ദേശമാണു സുവിശേഷം. അതറിയിക്കുന്നതിനു കർത്താവു വിളിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ!

ഒരു സുവിശേഷകനിൽ കാണേണ്ട യോഗ്യതകൾ എന്തെല്ലാമാണ്? കർത്താവു നൽകുന്ന ഒരു കൃപാവരത്തിന്റെ അടയാളങ്ങൾ നിർണ്ണയിക്കുക എളുപ്പമല്ല. എങ്കിലും താഴെ പറയുന്നവ ഏറെകുറെ നമുക്കു സ്വീകരിക്കാവുന്നവയാണ്. ആത്മാക്കളെക്കുറിച്ചുള്ള ദാഹം, സുവിശേഷം ആവേശപൂർവ്വം അറിയിപ്പാനുള്ള കഴിവ്, ആത്മാക്കളെ നേടുക ഇവ

യാണ് ഒരു സുവിശേഷകന്റെ യോഗ്യതകളെന്നു മൊൺടേഗ് ഗുഡ്മാൻ പറഞ്ഞിരിക്കുന്നു. 'എനിക്ക് ആത്മാക്കളെ തരിക, അല്ലെങ്കിൽ ഞാൻ മരിക്കു' മെന്നു പ്രസിദ്ധനായ ഒരു സുവിശേഷകൻ പറഞ്ഞിട്ടുണ്ട്. ആത്മാക്കൾ ക്രിസ്തുവിനെ കൈക്കൊള്ളണമെന്നുള്ളതാണു സുവിശേഷകന്റെ അഭിലാഷം. കുറെ പേരെ മാർഗ്ഗം കൂട്ടണമെന്നോ സഭയിൽ ചേർക്കണമെന്നോ അല്ല. സഭയോടു ചേർക്കുന്നതു കർത്താവാണ്, സുവിശേഷകനല്ല (പ്രവൃ. 2:47). മറ്റുള്ളവരെ അപേക്ഷിച്ചു നശിച്ചുപോകുന്നവരെ ഓർത്തു ഭാരപ്പെടുകയും ദൈവസന്നിധിയിൽ കരയുകയും ചെയ്യുന്നതിനു കർത്താവ് എഴുന്നേൽപിക്കുന്ന ഒരു സുവിശേഷകനേ കഴിയൂ. അതുപോലെ തന്നെ സുവിശേഷം പ്രസംഗിക്കുക എന്നതും. സുവിശേഷമാണ് അയാൾക്ക് എപ്പോഴും പറയാനുള്ളത്. സഭയിൽ ഉപദേശിക്കുന്നതിനും വചനം പഠിപ്പിക്കുന്നതിനും കഴിവുള്ള സുവിശേഷകന്മാർ അതും ചെയ്യും. എങ്കിലും സുവിശേഷകൻ എന്ന പേരുതന്നെ അയാളുടെ പ്രസംഗവിഷയമെന്തെന്നു വിളിച്ചു പറയുന്നു. സുവിശേഷത്തിന്റെ സാരം, ക്രിസ്തുവിന്റെ മരണം, പുനരുത്ഥാനം ഇവയാണ് (1 കൊരി. 15:1-3). 'ക്രിസ്തു നമ്മുടെ പാപങ്ങൾക്കു വേണ്ടി തിരുവെഴുത്തുകളിൻ പ്രകാരം മരിച്ചു അടക്കപ്പെട്ടു; തിരുവെഴുത്തുകളിൻപ്രകാരം മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു'. ഇതാണു സുവിശേഷകന്റെ അതിപ്രധാന വിഷയം. 'പ്രവചന വെളിച്ചത്തിൽ റഷ്യയുടെ സ്ഥാനം' മുതലായതൊന്നുമല്ല അവന്റെ പ്രതിപാദ്യ വിഷയം. വെളി. 13 ലെ മൃഗം ആരെന്നുള്ളതിനേക്കാൾ പാപിയുടെ രക്ഷകൻ ആര് എന്നതാണു സുവിശേഷകനു പ്രധാനമായിരിക്കേണ്ടത്. സുവിശേഷകന്റെ പ്രസംഗത്തെക്കുറിച്ചു സി.എച്ച്. മക്കിന്റോഷ് ഇപ്രകാരം എഴുതിയിരിക്കുന്നു: "മാനസാന്തരപ്പെടുന്നതിനു അവൻ (സുവിശേഷകൻ) യെഹൂദന്മാരെയും ജാതികളെയും ആഹ്വാനം ചെയ്യുമ്പോൾ തന്റെ പിൻബലം ക്രിസ്തുവാണ്. വിശ്വസിക്കുന്നതിനു താൻ നിർബന്ധിക്കുമ്പോൾ വിശ്വാസവിഷയമായി ക്രിസ്തുവിനെയാണു ചൂണ്ടിക്കാണിക്കുന്നത്, അതും തിരുവെഴുത്തുകളുടെ അധികാരത്തോടെ, നീതി, ഇന്ദ്രിയജയം, വരുവാനുള്ള ന്യായവിധി ഇവയെപ്പറ്റിയാണു ന്യായവാദം കഴിക്കുന്നതെങ്കിൽ അതിനുള്ള ധാർമ്മിക ശക്തിയും ചേർച്ചയും നൽകുന്നതു ക്രിസ്തുവായിരിക്കും. ചുരുക്കിപ്പറഞ്ഞാൽ, സുവിശേഷകന്റെ പ്രസംഗത്തിന്റെ സാരവും കഴമ്പും, ആകെത്തുകയും, അടിസ്ഥാനവും, താഴികക്കുടവും എല്ലാം ക്രിസ്തുവാണ്". സുവിശേഷം ഘോഷിക്കുന്നതാണ്, വ്യാഖ്യാനിക്കുന്നതല്ല അവന്റെ ശുശ്രൂഷ. സുവിശേഷകന്റെ പ്രസംഗം കേൾക്കുന്നവർ ഒരു സദുപദേശം ബുദ്ധികൊണ്ടു ഗ്രഹിക്കുന്നതിനേക്കാൾ ഹൃദയംകൊണ്ടു ഒരു സദ്വർത്തമാനം വിശ്വസിക്കണമെന്നതാണ് പ്രധാനം.

മൂന്നാമതായി ആത്മാക്കളെ നേടുക. പാപികൾ രക്ഷിക്കപ്പെടുന്നതു കാണുവാൻ ഇടയാകും. ഒരുവനെ കർത്താവു സുവിഷേകനായി വിളിച്ചിരിക്കുന്നതിന്റെ ഒരു പ്രധാന തെളിവ് ഇതു തന്നെ. ഉപദേഷ്ടാവിന്റെ ശുശ്രൂഷയാലും ഇതു സാധിക്കുമെന്നുള്ളതു വാസ്തവമാണ്, എന്നാൽ ഇതു സാധിക്കുന്നില്ലെങ്കിൽ സുവിശേഷകന്റെ പ്രവൃത്തിയുടെ ഫലം മറ്റെന്താണ്? ഏതു വിധേനയും പാപികൾ മനംതിരിയുന്നതിനു കർത്താവിന്റെ കയ്യിലെ ആയുധങ്ങളായിരിക്കുക. ആധുനിക കാലത്ത് പ്രസിദ്ധരായിത്തീർന്നിട്ടുള്ള മൂഡി, വിറ്റ്ഫീൽഡ്, വെസ്ലി, സ്പർജൻ, ബില്ലിസൺഡേ, ചാപ്മാൻ ഇവരെല്ലാം ഉപദേഷ്ടാക്കന്മാരെന്നതിനേക്കാൾ സുവിശേഷകന്മാരെന്ന പേരിലാണ് ലോകമെങ്ങും അറിയപ്പെടുന്നത്. സഭയുടെ കെട്ടുപണിയേക്കാൾ പാപികളുടെ മനം തിരിവിനാണു ദൈവം അവരെ മുഖാന്തിരമാക്കിയിട്ടുള്ളത്. അതുകൊണ്ടാണ് സുവിശേഷകന്മാർ എന്ന പേരിൽ അവർ അറിയപ്പെടുന്നത്. ഇന്നു ലോകപ്രസിദ്ധനായി തീർന്നിരിക്കുന്ന ബില്ലിഗ്രാം കർത്താവിൽ നിന്നു സഭയ്ക്കു ലഭിച്ചിരിക്കുന്ന ഒരു സുവിശേഷകനാണ്. അദ്ദേഹത്തിന്റെ വേലയാൽ അനേകായിരങ്ങൾ രക്ഷിക്കപ്പെടുന്നത് അതിനു തെളിവാണ്.

സുവിശേഷകന്റെ പ്രവൃത്തി നിറവേറ്റുന്നതിനു കൃത്രിമമാർഗ്ഗങ്ങൾ ഉപയോഗിക്കാതിരിപ്പാൻ പ്രത്യേകം കരുതേണ്ടതാണ്. ഇന്ന്, വിശിഷ്യ പാശ്ചാത്യരാജ്യങ്ങളിൽ നടക്കുന്ന ചില ഉണർവുയോഗങ്ങളുടെ വിവരം വായിക്കുമ്പോൾ തിരുവചനത്തിൽ കാണുന്ന പ്രമാണങ്ങൾക്കു വിപരീതമാണവ എന്നു തോന്നാറുണ്ട്. പ്രസിദ്ധി നേടാൻ, പൊതുജനപ്രീതി സമ്പാദിക്കാൻ, ഇങ്ങനെ പലതിലേക്കും ശ്രദ്ധ പതിയുമ്പോഴാണ് ദൈവഹിതത്തിൽ നിന്നു ഒരു സുവിശേഷകൻ വ്യതിചലിക്കുന്നത്. വചനം പറയാതെ വെറും വികാരങ്ങളെ മാത്രം ഇളക്കുന്ന ദൃഷ്ടാന്തങ്ങളും പാട്ടുകളും കൊണ്ട് കേൾവിക്കാരിൽ ഒരു കോളിളക്കമുണ്ടാക്കിയിട്ട് കർത്താവിനെ സ്വീകരിക്കുന്നവർ കൈ ഉയർത്താൻ പറയുകയും പിന്നീട് അങ്ങനെ ചെയ്തവരുടെ എണ്ണം പരസ്യപ്പെടുത്തി ഖ്യാതിനേടാൻ ശ്രമിക്കുന്നവരും ഇല്ലാതില്ല. കർത്താവിന്റെ നാമം മഹത്വപ്പെടുക എന്നല്ലാതെ തന്റെ വ്യക്തിത്വമോ, സാമർത്ഥ്യമോ, കഴിവുകളോ മറ്റുള്ളവരുടെ പ്രശംസാവിഷയമാകണമെന്നു ഒരു സുവിശേഷകൻ ആഗ്രഹിക്കരുത്.

കൃത്രിമ മാർഗ്ഗങ്ങളെ ഒഴിവാക്കുക മാത്രമല്ല, ചില പ്രതിബന്ധങ്ങളെ സുവിശേഷകൻ തരണം ചെയ്യുകയും വേണം. വേഷഭക്തർ പലപ്പോഴും സുവിശേഷകന്മാർക്ക് വിലങ്ങുതടികളാണ്. ഭാവനയിൽ അവർ ശരിയായി രക്ഷിക്കപ്പെട്ടവരെപ്പോലെ പെരുമാറും, പറയും. എന്നാൽ അവരെ വിശ്വസിക്കാൻ പാടില്ല. ശിമോൻ (ക്ഷുദ്രക്കാരൻ) ഈ കൂട്ടത്തിൽ പെട്ടവനായിരുന്നു. ഒരു സുവിശേഷകൻ തിരുവചന വെളിച്ചത്തിലും മാതൃകയിലും ആത്മാക്കളെ വിവേചിക്കുന്നവനായിരിക്കണം. പൗലോസും കൂടെയുള്ളവരും ഫിലിപ്പിയിൽ ചെന്നപ്പോൾ വെളിച്ചപ്പാടത്തിയായ ഒരു ബാല്യക്കാരത്തി അവരെ പ്രശംസിച്ചുകൊണ്ട് എതിരേറ്റു. "ഈ മനുഷ്യർ അത്യുന്നതനായ ദൈവത്തിന്റെ ദാസന്മാർ, രക്ഷാമാർഗ്ഗം നിങ്ങളോടു അറിയിക്കുന്നവർ" (പ്രവൃ.16:17). പൗലൊസ് അവളെ ശാസിച്ചു. എന്തുകൊണ്ട്? അവൾ പറഞ്ഞതു സത്യമല്ലായിരുന്നോ? തീർച്ചയായും സത്യമായിരുന്നു. എന്നാൽ അവൾ സാത്താന്റെ പിണിയാളിയായിരുന്നു. സാത്താന്റെ പുകഴ്ചയും പ്രശംസയും പൌലൊസ് ആഗ്രഹിച്ചില്ല. കർത്താവിന്റെ വേലയിൽ സാത്താന്റെ സഹായം ആവശ്യമില്ല. വേലയ്ക്കുവേണ്ടി സാത്താന്റെ കൈയ്യിൽ നിന്നും പണം വാങ്ങിക്കാം എന്ന ആദർശമുള്ള വേലക്കാരും ചുരുക്കമല്ല. എന്നാൽ ഇതു കർത്താവിന്റെ വേലയ്ക്കു സഹായകരമല്ല.

ഇങ്ങനെ പല കാര്യങ്ങൾ കരുതുവാനുള്ളപ്പോൾ തന്നെ സുവിശേഷകന്റെ വേലയ്ക്കു ധൈര്യപ്രദമായ ചില മാതൃകകൾ പുതിയ നിയമത്തിലുണ്ട്. ഫീലിപ്പോസ് ഷണ്ഡന്റെ അരികിൽ ചെല്ലുന്നതിന് ആത്മാവു നടത്തി. വളരെ ഫലകരമായ ഒരു വേല നടന്നു. കൊർന്നല്യോസിന്റെ വീട്ടിലേക്കു പത്രൊസിനെ അയച്ചു. ലുദിയാ ഇരുന്ന പ്രാർത്ഥനാ സ്ഥലത്തേക്കു പൌലോസ് ചെന്നു. കാരാഗൃഹപ്രമാണി രക്ഷിക്കപ്പെടുവാൻ തക്കവണ്ണം പൌലൊസിനെയും ശീലാസിനെയും, ദണ്ഡനങ്ങളിൽ കൂടിയെങ്കിലും, കർത്താവു കാരാഗൃഹത്തിനകത്തു പ്രവേശിപ്പിച്ചു. ദൈവഹിതം ആരാഞ്ഞും, തിരുവചനത്തെ പ്രമാണിച്ചും കർത്താവിന്റെ മഹത്വത്തിനായി അവന്റെ വയലിൽ അദ്ധ്വാനിച്ചും പോരുന്ന ഒരു സുവിശേഷകനെ, അവൻമൂലം രക്ഷിക്കപ്പെടേണ്ട ആത്മാക്കളുടെ അടുക്കലേക്കു കർത്താവു നടത്തും. 'ഏതുവിധത്തിലും ചിലരെ രക്ഷിക്കേണ്ടതിന്നു ഞാൻ എല്ലാവർക്കും എല്ലാമായിത്തീർന്നു" (1 കൊരി. 9:22) എന്ന പ്രമാണം സുവിശേഷകന്റെ പ്രവൃത്തിയെ സംബന്ധിച്ചിടത്തോളം വളരെ ശരിയാണ്. 'സുവിശേഷം അറിയിക്കുക അല്ലെങ്കിൽ അധഃപതിക്കു'മെന്ന തത്വം സഭ വിസ്മരിക്കാതിരിക്കട്ടെ. സുവിശേഷകന്റെ പ്രവൃത്തി ചെയ്യുന്നതിനു എല്ലാ വിശ്വാസികൾക്കും വിശിഷ്യാ സുവിശേഷകന്മാർക്കും കർത്താവു കൃപ നൽകട്ടെ. ❖

# ഡെവിഡ് ബ്രെയിനാർഡിന്റെ പ്രാർത്ഥനാജീവിതം

പ്രാർത്ഥന അമിതശക്തിയായും ഭരണം ചെയ്യു ന്നതായും പ്രത്യക്ഷ ശക്തിയായും തങ്ങളുടെ ജീവിതത്തിൽ വിളങ്ങീട്ടുള്ളവരായ ഭക്തന്മാരും പ്രാർത്ഥനാവീരന്മാരുമായ പ്രാസംഗികന്മാർ ദൈവ ത്തിന്നു മുൻകാലങ്ങളിൽ ഉണ്ടായിട്ടുണ്ടു, ഇപ്പോഴും ഉണ്ട്. ലോകം അവരുടെ ശക്തിയെ അറി ഞ്ഞിട്ടുണ്ട്. ദൈവം അവരുടെ ശക്തിയെ അറി കയും ബഹുമാനിക്കയും ചെയ്തിട്ടുണ്ട്. അവരുടെ പ്രാർത്ഥനമൂലം ദൈവത്തിന്റെ മഹാകാര്യങ്ങൾ അമിതശക്തിയോടും ശീഘ്രഗതിയിലും സാധിച്ചി ട്ടുണ്ട്. വിശുദ്ധി അവരുടെ സ്വഭാവത്തിൽ ദൈവ പ്രഭയോടെ ശോഭിച്ചിട്ടുണ്ട്.

ദൈവം നോക്കിപ്പാർത്തുകൊണ്ടിരുന്ന ആ വർഗ്ഗത്തിൽപെട്ട ആളുകളിൽ ഒരുവനായിട്ടാണ് ഡെവിഡ് ബ്രെയിനാർഡിനെ താൻ കണ്ടെത്തിയ ത്. തന്റെ വേലയും നാമവും ചരിത്രപ്രസിദ്ധമായി തീർന്നിരിക്കുന്നു. താൻ ഒരു സാധാരണക്കാരന ല്ലായിരുന്നു. ഏതു കൂട്ടത്തിലും ശോഭിക്കത്തക്ക ആളും, വിദ്വജ്ജനങ്ങളുടെയും വരപ്രസാദമുള്ള വരുടെയും പ്രഭുവും, എത്രയും ആകർഷണീയ മായ പ്രസംഗപീഠത്തെ വിശിഷ്ടനിലയിൽ അലങ്ക രിപ്പാൻ യോഗ്യനും, പരിഷ്ക്കാരത്തിന്റെ പരമകാ ഷ്ഠയിലും വിദ്യയുടെ കൊടുമുടിയിലും എത്തി യിരിക്കുന്ന ആളുകളുടെ ഇടയിൽ പ്രയത്നിപ്പാൻ സമർത്ഥനും ആയിരുന്നു. അങ്ങനെയുള്ളവർ അദ്ദേഹത്തെ തങ്ങളുടെ ശുശ്രൂഷക്കായി കിട്ടു വാൻ അതിവാഞ്ഛ കാണിച്ചിരുന്നു. പ്രസിഡണ്ടു എഡ്വൊർഡ്സ് എന്ന ദേഹം ഈ ആളെ സംബ ന്ധിച്ചു താഴെ വരുന്ന പ്രകാരം സാക്ഷി പറയുന്നു: 'പ്രസിദ്ധ വരപ്രാപ്തികളോടുകൂടിയ യൌവനക്കാ രനും, ആളുകളെക്കുറിച്ചും കാര്യങ്ങളെക്കുറിച്ചും അസാധാരണ പരിജ്ഞാനമുള്ളവനും, അപൂർവ്വ മായ വാഗ്വൈഭവശക്തിയോടുകൂടിയവനും, വൈദിക പരിജ്ഞാനത്തിൽ ഉൽകൃഷ്ടനും, ചെറു പ്പമെങ്കിലും വാസ്തവത്തിൽ അസാധാരണ ദിവ്യ നും, വിശിഷ്യ അനുഭവസിദ്ധമാർഗ്ഗത്തെ സംബ ന്ധിച്ച സകല കാര്യങ്ങളിലും സാധാരണനിലയിൽ കവിഞ്ഞവനുമാണ്. സത്യമാർഗ്ഗത്തിന്റെ സ്വഭാ വത്തെ സംബന്ധിച്ച കാര്യത്തിൽ ഇത്രയും വ്യക്തവും സൂക്ഷ്മവുമായ അഭിപ്രായത്തോടു കൂടിയവരായി തന്റെ പ്രായത്തിലും നിലയിലും തനിക്കു തുല്യമായി മറ്റാരെയും ഞാൻ ഒരിക്കലും അറിഞ്ഞിട്ടില്ല. തന്റെ പ്രാർത്ഥനാരീതി മിക്കവാറും അനുകരണസാദ്ധ്യമല്ലാത്തവയും അതിനു തുല്യ മായി ഞാൻ കണ്ടിട്ടുള്ളതു തീരെ ദുർല്ലഭവും ആകുന്നു. തന്റെ പഠിത്തം വളരെ ശ്രേഷ്ഠവും പ്രസംഗപീഠത്തിൽ തനിക്കുള്ള വരം അസാധാര ണവുമായിരുന്നു.

ലോകചരിത്രത്തിൽ ഡെവിഡ് ബ്രെയിനാർഡ് എന്ന ദേഹത്തെ സംബന്ധിച്ചു രേഖപ്പെടുത്തീട്ടു ള്ളതുപോലെ ഒരു മാഹാത്മ്യ വൃത്താന്തം വേറെ ഇല്ല. ക്രൈസ്തവമാർഗ്ഗത്തിന്റെ സത്യതയെ തെളി യിക്കുന്നതിന്നു ഇപ്രകാരമുള്ളോരു പുരുഷരത്ന ത്തിന്റെ ജീവിതവും പ്രവൃത്തിയുമെന്നപോലെ ഉത കുന്നതായി അത്ര ദൈവശക്തിയോടുകൂടിയ അതി ശയം മറ്റൊന്നുമില്ല. അമേരിക്കയുടെ അപരി ഷ്കൃത ജനക്കൂട്ടങ്ങളുടെ ഇടയിൽ ഏകനായും, ആപല്ക്കരമായോരു രോഗത്തോടു രാപ്പകൽ പോരാടിക്കൊണ്ടും, ആത്മാക്കളെപ്പറ്റി വിചാരപ്പെ ടുന്നതിൽ പരിചിതനെങ്കിലും ഒരു അജ്ഞാനദ്വി ഭാഷിയുടെ പരിഭാഷ മുഖാന്തരം മാത്രം അധിക സമയവും ഇൻഡ്യക്കാരോടു സംസാരിച്ചുകൊ ണ്ടും, ദൈവത്തിന്റെ വചനം തന്റെ ഹൃദയത്തിലും കയ്യിലുമായി ദൈവികജ്വാലയാൽ ആത്മാവു കത്തി ക്കപ്പെട്ടും, പ്രാർത്ഥനയാൽ തന്റെ ആത്മാവിനെ ദൈവമുമ്പാകെ പകരുവാൻ സ്ഥലവും സമയവും കണ്ടെത്തിക്കൊണ്ടും ദൈവാരാധനയെ പൂർണ്ണ മായി സ്ഥാപിക്കയും അതിന്റെ കാരുണ്യമേറിയ ഫലങ്ങളെ ഉളവാകുമാറാക്കുകയും ചെയ്തു. അമേ രിക്കയിലെ ഇൻഡ്യക്കാരെ അജ്ഞാനമാർഗ്ഗ ത്തിന്റെ ആഴമേറിയ അന്ധതയിൽ നിന്നും, അധോ ഗതിയിൽ നിന്നും സുബോധമില്ലായ്മയിൽ നിന്നും നിർമ്മലവും ഭക്തിയും കാര്യവിവരവുമുള്ള ക്രിസ്ത്യാനികളാക്കിത്തീർക്കുന്നതായ വലിയ

മാറ്റം ഭവിക്കുമാറു അവരിൽ ഭേദഗതി വരുത്തി. അവരുടെ ദുഷ്കൃതങ്ങൾ നീങ്ങി അവരിൽ നവീകരണം സാധിക്കയും, ക്രിസ്തുമാർഗ്ഗത്തിന്റെ ബാഹ്യാചാരങ്ങളും മുറകളും അവർക്കു പരിചയത്തിൽ വരികയും, അവരുടെ ഇടയിൽ കുടുംബ പ്രാർത്ഥനകൾ ഏർപ്പെടുത്തുകയും, ഭക്തിയായ മാർഗ്ഗത്തിന്റെ അന്തരംഗകൃപകൾ നാൾക്കുനാൾ അവരിൽ അഭിവൃദ്ധിപ്പെട്ടു പ്രസാദകരമായും ബലവത്തായും പ്രത്യക്ഷമാകുകയും ചെയ്തു. ഇപ്രകാരം അവരിൽ ഉളവായ ഫലങ്ങളുടെ രഹസ്യം ഡെവിഡ് ബ്രെയിനാർഡിൽ ആയിരുന്നു; വ്യവസ്ഥകളിലോ ബാഹ്യനിബന്ധനകളിലോ ഒന്നിലുമല്ല ബ്രെയിനാർഡ് എന്ന ആളിൽ തന്നേ ആയിരുന്നു. താനോ ദൈവത്തിന്റെ മനുഷ്യൻ എന്തെന്നാൽ തനിക്കു ആദിയും അന്തവും എന്നല്ല സകലവും ദൈവം തന്നേ. യാതൊരു പ്രതിബന്ധവും കൂടാതെ ദൈവകൃപ അവനിൽകൂടെ ഒഴുകുമായിരുന്നു. അവന്റെ ഹൃദയത്തിന്റെ വ്യവസ്ഥകളെക്കൊണ്ടു കൃപയുടെ സർവ്വശക്തിയെ ബന്ധിക്കുന്നതിനോ ഞെരുക്കുന്നതിനോ കഴിഞ്ഞിട്ടില്ല. ദൈവത്തിന്നു പരിപൂർണ്ണമായും ശക്തിമത്തായും കടന്നുപോകുന്നതിന്നു സകല കൈവഴികളും വിസ്തൃതമാക്കപ്പെട്ടും വെടിപ്പാക്കപ്പെട്ടും ഇരുന്നതിനാൽ തനിക്കു തന്റെ സമസ്ത അമിതശക്തികളോടും കൂടെ നിരാശപൂണ്ടും കിരാതപൂർണ്ണവുമായി കിടന്നിരുന്ന കാട്ടുപ്രദേശങ്ങളിലേക്കു ഇറങ്ങിച്ചെന്നു അതിനെ പുഷ്പബാഹുല്യവും ഫലസമ്പൂർണ്ണവുമായ ഉദ്യാനമായി മറുരൂപപ്പെടുത്തുവാൻ സാധിക്കുമായിരുന്നു. തന്റെ പ്രവൃത്തിയെ നിവർത്തിക്കുന്നതിന്നു തക്ക യോഗ്യമായ ആളിനെ കണ്ടെത്താമെന്നു വരികിൽ ദൈവത്തിന്നു യാതൊന്നും ചെയ്‌വാൻ അസാദ്ധ്യമായി വരികയില്ലല്ലൊ.

ബ്രെയിനാർഡിന്റെ ജീവിതം വിശുദ്ധിയുടെയും പ്രാർത്ഥനയുടെയും ജീവിതമായിരുന്നു. ഡയറി തന്റെ പുസ്തകം ആദ്യവസാനം ഉപവാസം, ധ്യാനം, ഏകാന്തവാസം എന്നിവക്കായി ചെലവഴിച്ച സമയങ്ങളെ രേഖപ്പെടുത്തിയിരിക്കുന്ന വാർത്തകളാൽ നിറഞ്ഞും ഏക രീതിയായും കാണുന്നു. രഹസ്യപ്രാർത്ഥനെക്കായി പ്രതിദിനം താൻ ചെലവുചെയ്ത മണിക്കൂർ വളരെ ആകുന്നു. 'ഞാൻ സ്വഭവനത്തിലേക്കു തിരിച്ചുവന്നു ധ്യാനത്തിന്നും സ്വയത്യാഗത്തിന്നും, വിനയത്തിന്നും, ലോകത്തിലെ സകല കാര്യങ്ങളിൽ നിന്നും വിമുക്തനാകുന്നതിന്നും എന്റെ ആത്മാവു വാഞ്ചിക്കുന്നു' എന്നാണ് താൻ പറയുന്നത്. 'ലോകത്തോടു എനിക്കു ഒരു കാര്യവുമില്ല. എങ്കിലും ദൈവത്തിന്റെ പേർക്കു അതിൽ പരമാർത്ഥമായി ഞാൻ അദ്ധ്വാനിക്കമാത്രം വേണം. ലോകത്തിന്നു തരുവാൻ കഴിയുന്ന യാതൊന്നിന്നായിട്ടെങ്കിലും ഒരു മിനിട്ടുനേരം അതിൽ ജീവിപ്പാൻ ഞാൻ ആഗ്രഹിക്കുന്നില്ല' എന്നു താൻ പറക പതിവാണ്. താഴെ പറയുന്ന പ്രകാരമുള്ള ഉന്നതരീതിയിലാണ് താൻ പ്രാർത്ഥിച്ചത്. ഒരു ദിവസത്തെ കാര്യം തന്റെ കുറിപ്പിൽ ഇങ്ങനെ കാണുന്നു. "എത്രയും അതിശയമാർന്ന നിലയിൽ ആത്മാവിനെ അടിമപ്പെടുത്തുകയും എല്ലാ ആഗ്രഹങ്ങളും അനുരാഗങ്ങളും ദൈവത്തിങ്കൽ സമർപ്പിക്കുമാറാക്കുകയും ചെയ്യുന്നതായ ദൈവസംസർഗ്ഗത്തിന്റെ ഇമ്പം ഏറെക്കുറെ രുചിച്ചും തന്റെ സ്നേഹത്തിന്റെ നിർബന്ധശക്തി അല്പമായി അനുഭവിച്ചുംകൊണ്ട് ഈ ദിവസത്തെ ഞാൻ രഹസ്യപ്രാർത്ഥനക്കും ഉപവാസത്തിന്നുമായി വേർതിരിച്ചു. സുവിശേഷം പ്രസംഗിക്ക എന്നുള്ള വലിയ വേലയ്ക്കായി എന്നെ നടത്തുകയും അനുഗ്രഹിക്കയും ചെയ്‌വാൻവേണ്ടിയും, കർത്താവു എങ്കലേക്കു തിരിഞ്ഞു തന്റെ മുഖപ്രകാശം എന്റെ മേൽ ശോഭിപ്പിക്കുന്നതിന്നുവേണ്ടിയും ഞാൻദൈവത്തോടു പ്രാർത്ഥിക്കുന്നു. ഉച്ചതിരിഞ്ഞ സമയം ജീവനും ശക്തിയും എനിക്കു കുറവായിരുന്നു. ഒരു മൂന്നുമണി ആയപ്പോൾ എന്നിൽനിന്നു അകന്നിരിക്കുന്ന സ്നേഹിതന്മാർക്കുവേണ്ടി പക്ഷവാദ പ്രാർത്ഥന കഴിച്ചുകൊണ്ടു തീക്ഷ്ണതയോടെ പോരാട്ടം ചെയ്‌വാൻ ദൈവം എന്നെ പ്രാപ്തിപ്പെടുത്തി, എങ്കിലും രാത്രിസമയമായപ്പോൾ കർത്താവു ആശ്ചര്യകരമായ വിധത്തിൽ പ്രാർത്ഥനയിൽ എന്നെ സന്ദർശിച്ചു. എന്റെ ആത്മാവു മുമ്പൊരിക്കലും അത്ര പ്രാണവേദനയിൽ ആയിട്ടില്ല എന്നു ഞാൻ വിചാരിക്കുന്നു. ദൈവകൃപ

യുടെ ഭണ്ഡാരം എന്റെ മുമ്പാകെ വെച്ചിരുന്നതിനാൽ ഒരു തടസ്സവും എനിക്കു ഉണ്ടായില്ല. അകലെയുള്ള സ്നേഹിതന്മാർക്കുവേണ്ടിയും, ആത്മാക്കളെ കൂട്ടിച്ചേർപ്പാൻ വേണ്ടിയും, അഗതികളായ ബഹുപുരുഷാരത്തിന്നു വേണ്ടിയും, വളരെ ദൂരെ താമസിക്കുന്നവരും ദൈവത്തിന്റെ മക്കൾ എന്നു ഗണിച്ചുവരുന്നവരുമായ അനേകർക്കുവേണ്ടി ആളാംപ്രതിയായും ഞാൻ പോരാടിക്കൊണ്ടു പ്രാർത്ഥിച്ചു. സൂര്യൻ അരമണിക്കൂറു പൊങ്ങി നിന്നിരുന്ന സമയംമുതൽ നല്ല ഇരുട്ടാകുന്നതുവരെയും ഞാൻ പ്രാണവേദനയിലായിരുന്നതിനാൽ വിയർപ്പുകൊണ്ടു മുഴുവൻ മുഴുകി എങ്കിലും ഞാൻ ഒന്നും ചെയ്തില്ലല്ലോ എന്നത്രെ എനിക്കു തോന്നിയത്. അഗതികളായ ആത്മാക്കളെ പ്രതി ചോരവിയർപ്പായിരുന്നല്ലൊ എന്റെ പ്രിയ രക്ഷകനിൽ നിന്നു ചൊരിഞ്ഞത്. അവരെ പ്രതി എനിക്കു അധികം മനസ്സലിവു ഉണ്ടായെങ്കിൽ നന്നായിരുന്നു എന്നുവെച്ചു ഞാൻ വാഞ്ചിക്കുന്നു. ആ സമയത്തും സന്തോഷകരമായോരു മനോനിലയായിരുന്നു എനിക്കുണ്ടായിരുന്നത്. സ്നേഹത്തിന്റെയും കൃപയുടെയും ദൈവികബോധമുള്ളവനായി എന്റെ ഹൃദയത്തെ ദൈവത്തിങ്കൽ സമർപ്പിച്ചുകൊണ്ടു ആ മനോനിലയോടുകൂടെതന്നേ ഞാൻ ഉറക്കത്തിന്നായി ശയ്യമേൽ പ്രവേശിച്ചു". ഈ ദിവ്യപുരുഷന്റെ ജീവിതത്തിന്നും ശുശ്രൂഷെക്കും അതിശയമാർന്ന ശക്തിയെ നല്കിയതെല്ലാം പ്രാർത്ഥനയായിരുന്നു.

പ്രാർത്ഥനാമല്ലന്മാരൊക്കെയും ആത്മമല്ലന്മാരുമാകുന്നു. പ്രാർത്ഥന ഒരിക്കലും നിർജ്ജീവമായി ഭവിക്കുന്നില്ല. ബ്രെയിനാർഡിന്റെ മുഴുജീവിതവും ഒരു പ്രാർത്ഥനാജീവിതമായിരുന്നു. പകലും രാവും താൻ പ്രാർത്ഥിച്ചു. പ്രസംഗത്തിന്നു മുമ്പും പ്രസംഗത്തിന്നു പിമ്പും താൻ പ്രാർത്ഥിച്ചു. അറുതിയില്ലാതെ ഏകാന്തമായി കിടക്കുന്ന വനപ്രദേശങ്ങളിൽ കൂടെ കുതിരസവാരി ചെയ്തുപോകുമ്പോൾ താൻ പ്രാർത്ഥിച്ചു. തന്റെ പീലിമെത്തമേൽ താൻ പ്രാർത്ഥിച്ചു. മുറ്റുകാട്ടിലെ നിർജ്ജന പ്രദേശങ്ങളിൽ കടന്നുചെന്നു താൻ പ്രസംഗിച്ചു. പ്രതിനാഴികയും പ്രതിദിനവും അതിരാവിലെയും നന്നാരാച്ചെന്നും താൻ പ്രാർത്ഥിക്കയും ഉപവസിക്കയും തന്റെ ആത്മാവിനെ പകരുകയും പക്ഷവാദം ചെയ്കയും ദൈവസംസർഗ്ഗം ചെയ്കയുമാണ് ചെയ്തിട്ടുള്ളത്. അവൻ അമിതശക്തിയോടുകൂടിയ പ്രാർത്ഥനയാൽ ദൈവത്തോടു കൂടെ ആയിരുന്നു. അമിതശക്തിയോടു കൂടെ ദൈവവും അവനോടുകൂടെ ഉണ്ടായിരുന്നു. അതുനിമിത്തം അവൻ മരിച്ചതിന്റെ ശേഷവും സംസാരിക്കയും പ്രവർത്തിക്കയും ചെയ്യുന്നു; അവസാനംവരെയും സംസാരിക്കയും പ്രവർത്തിക്കയും ചെയ്യും. മഹിമാപൂർണ്ണന്മാരുടെ കൂട്ടത്തിൽ ആ മഹിമാനാളിൽ താൻ ആ പ്രഥമഗണനീയന്മാരോടു കൂടെ ആയിരിക്കയും ചെയ്യും.

യോനാഥാൻ എഡ്വെർഡ്സ് എന്നദേഹം ഈ മഹാനെ സംബന്ധിച്ചു ഇവ്വണ്ണം പറയുന്നു. "ശുശ്രൂഷക ജോലിയിൽ ശരിയായ കൃതാർത്ഥതെക്കുള്ള മാർഗ്ഗം ഇന്നതെന്നു അദ്ദേഹത്തിന്റെ ജീവിതം തെളിയിക്കുന്നു. ഒരു നിരോധനകാലത്തോ യുദ്ധസമയത്തോ ഒരു പടയാളി വിജയത്തെ അന്വേഷിക്കുന്നതുപോലെ താൻ അതിനെ അന്വേഷിച്ചു. അഥവാ, ഒരു വലിയ വിരുതു നേടുവാൻ ഒരുവൻ ഓട്ടം ഓടുന്നതുപോലെ താൻ ഓടി; ക്രിസ്തുവിനോടും ആത്മാക്കളോടുമുള്ള സ്നേഹത്താൽ ജീവിപ്പിക്കപ്പെട്ടിട്ട് താൻ ഏതുവിധമായിരുന്നു അദ്ധ്വാനിച്ചത്? എല്ലായ്പോഴും തീക്ഷ്ണതയോടുകൂടെ തന്നേ വചനത്തിലും ഉപദേശത്തിലും പരസ്യത്തിലും രഹസ്യത്തിലും മാത്രമല്ല പ്രാർത്ഥനയാൽ രാവും പകലും രഹസ്യത്തിൽ ദൈവത്തോടു പോരാടുകയും, ആർക്കുവേണ്ടി താൻ അയക്കപ്പെട്ടുവോ ആ ജനങ്ങളുടെ ഹൃദയങ്ങളിൽ ക്രിസ്തു ഉരുവാകുവോളം പറഞ്ഞുതീരാത്ത ഞരക്കങ്ങളോടും പ്രാണവേദനയോടുംകൂടെ താൻ പ്രസവവേദനപ്പെട്ടു പ്രാർത്ഥിക്കയും ആയിരുന്നു ചെയ്തത്. യാക്കോബിന്റെ ഒരു സത്യമകൻ എന്ന നിലയിൽ രാത്രിയുടെ ഇരുൾസമയം മുഴുവനും ഉഷസ്സാകുന്നതുവരെയും പോരാട്ടപ്രാർത്ഥനയിൽ താൻ പൂർണ്ണസ്ഥിരത കാണിച്ചവൻ തന്നേ". ❖

# യേശുക്രിസ്തുവിന്റെ പുനരാഗമനം

ഡോ. അഡ്വ. മാത്യു വൈരമൺ MS, LLM,MDIV, ThD, PhD

മനുഷ്യർക്ക് അവരുടെ ഭാവി അറിയുവാൻ വലിയ താല്പര്യമാണ്. ആരെങ്കിലും ഒരുവന്റെ ഭാവിയെക്കുറിച്ചു പ്രവചിക്കുകയാണെങ്കിൽ ആ വ്യക്തി വളരെ ശ്രദ്ധയോടെ കേൾക്കും. ഭാവിയിൽ സംഭവിക്കുവാൻ പോകുന്ന കാര്യങ്ങൾ അറിയുവാനുള്ള ആകാംക്ഷ എല്ലാ മനുഷ്യർക്കും ഉണ്ട്. ചിലർ പ്രവചന വിഷയങ്ങൾ കേട്ടതിനുശേഷം വിവേചിച്ചു തീരുമാനം എടുക്കും. മനുഷ്യന് അവന്റെ ഭാവി അറിയുവാൻ ഉള്ള താല്പര്യമുള്ളതുപോലെ വിശ്വാസികൾക്ക് കർത്താവിന്റെ വരവ് അറിയുവാനുള്ള താല്പര്യം ഉണ്ട്. അതിനാൽ പ്രവചന വിഷയങ്ങൾ കേൾക്കുവാനും വായിക്കുവാനും വിശ്വാസികൾക്ക് വലിയ താല്പര്യമാണ്. പരിശുദ്ധാത്മാവിന്റെ സഹായമില്ലാതെ ആർക്കും പ്രവചന കാര്യങ്ങൾ യഥാർത്ഥമായി എഴുതുവാനും സംസാരിക്കുവാനും സാധിക്കുകയില്ല. എല്ലാ വിശ്വാസികളിലും പരിശുദ്ധാത്മാവ് ഉള്ളതുകൊണ്ട് ആർക്കും പ്രവചന വിഷയങ്ങൾ എഴുതുവാനും പ്രസംഗിക്കുവാനും കഴിയുമെന്ന് ചിലർ ചിന്തിക്കുന്നു. എന്നാൽ അതു ശരിയല്ല. പരിശുദ്ധാത്മാവിന്റെ സഹായമില്ലാതെ പലരും പ്രവചന വിഷയങ്ങൾ എഴുതുകയും പ്രസംഗിക്കുകയും ചെയ്യുന്നു. അതെല്ലാം തെറ്റാണെന്നു കാലങ്ങൾ തെളിയിക്കുകയും ചെയ്യുന്നു. യഥാർത്ഥത്തിൽ പ്രവചന വിഷയങ്ങൾ പരിശുദ്ധാത്മാവിന്റെ പ്രേരണകൊണ്ടു മാത്രം എഴുതുകയും പ്രസംഗിക്കുകയും ചെയ്യേണ്ട വിഷയമാണ്. അതു വിശ്വാസികൾക്ക് പ്രയോജനപ്പെടുകയും ചെയ്യും.

യേശുക്രിസ്തുവിന്റെ ജനനത്തെക്കുറിച്ചു യെശയ്യാ പ്രവചനത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. "കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും; അവനു ഇമ്മാനുവേൽ എന്നു പേര് വിളിക്കും" യെശയ്യാവ് 7:14. അതുപേലെ യെശയ്യാവിന്റെ പുസ്തകത്തിൽ വേറെ ചില ഭാഗങ്ങളിലും യേശുക്രിസ്തുവിന്റെ ജനനത്തെക്കുറിച്ചു രേഖപ്പെടുത്തിയിട്ടുണ്ട്. "നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു; നമുക്ക് ഒരു മകൻ നല്കപ്പെട്ടിരിക്കുന്നു. ആധിപത്യം അവന്റെ തോളിൽ ഇരിക്കും; അവന് അത്ഭുതമന്ത്രി, വീരനാം ദൈവം, നിത്യപിതാവ്, സമാധാനപ്രഭു എന്ന് പേര് വിളിക്കപ്പെടും" യെശയ്യാവ് 9:6. ആമോസിന്റെ മകനായ യെശയ്യാപ്രവാചകൻ ബി. സി. 740 മുതൽ 680 വരെയുള്ള കാലഘട്ടത്തിലാണ് യെശയ്യാപ്രവചനം എഴുതിയത്.

യേശുക്രിസ്തു മനുഷ്യനായി ഭൂമിയിൽ ജനിക്കുന്നതിനെക്കുറിച്ച് യെശയ്യ, യിരെമ്യാ പ്രവചനങ്ങളിൽ മാത്രമല്ല, സങ്കീർത്തനങ്ങളിൽ യേശുക്രിസ്തുവിന്റെ മരണത്തെക്കുറിച്ച് പ്രവചനാത്മാവിൽ ദാവീദും മറ്റും എഴുതിയിട്ടുണ്ട്. ഈ പഴയ നിയമ വേദഭാഗങ്ങൾ വായിച്ചു കാര്യങ്ങൾ ആരാഞ്ഞറിയുവാൻ പഴയനിയമ വിശുദ്ധന്മാരും മറ്റും പരിശ്രമിച്ചിരുന്നു. ക്രിസ്തു എവിടെയാണ് ജനിക്കുന്നതെന്ന് അവർ ഗ്രഹിച്ചിരുന്നു. എന്നാൽ ക്രിസ്തുവിന്റെ ജനനം ബേത്ത്ലഹേമിലെ ഒരു പുൽക്കൂട്ടിലോ ഒരു തച്ചന്റെ ഭവനത്തിലെ മകനായിട്ടോയെന്ന് അവർ വിചാരിച്ചിരുന്നില്ല. ഹേരോദാ രാജാവ് ജനത്തിന്റെ മഹാപുരോഹിതന്മാരെയും ശാസ്ത്രിമാരെയും എല്ലാം കൂട്ടിവരുത്തി; ക്രിസ്തു എവിടെ ആകുന്നു ജനിക്കുന്നതെന്ന് അവരോട് ചോദിച്ചു. അവർ അവനോട്: യെഹൂദ്യയിലെ ബെത്ത്ലേഹേമിൽ തന്നേ: "യെഹൂദ്യദേശത്തിലെ ബെത്ത്ലെഹേമേ, നീ യെഹൂദ്യ പ്രഭുക്കന്മാരിൽ ഒട്ടും ചെറുതല്ല; എന്റെ ജനമായ യിസ്രായേലിനെ മേയ്ക്കുവാനുള്ള തലവൻ നിന്നിൽ നിന്ന് പുറപ്പെട്ടുവരും", എന്നിങ്ങനെ പ്രവാചകർ മുഖാന്തരം എഴുതിയിരിക്കുന്നു എന്ന് പറഞ്ഞു. മത്താ.2:4-6. അതിനാൽ മഹാപുരോഹിതന്മാരും ശാസ്ത്രിമാരും പ്രവചന പുസ്തകത്തിന്റെ അടിസ്ഥാനത്തിൽ ക്രിസ്തു ബേത്ത്ലെഹേമിൽ ജനിക്കുമെന്ന് ഗ്രഹിച്ചിരുന്നു. എന്നാൽ അതിന്റെ വർഷവും, ദിവസ

# യിസ്റാഏൽ വാർത്തകൾ

Mr. പ്രേംദാസ് സ്വാമിദാസ് യഹൂദി

## യറുഷാലായിം നഗരത്തിന് ചുറ്റുമുള്ള കുന്നുകളിൽ വൻ തീപിടുത്തം

യറുഷാലായിം നഗരത്തിന്റെ പ്രാന്തപ്രദേശത്തുള്ള കുന്നുകളിൽ കാട്ടുതീ പടർന്ന് 6,000 ഏക്കർ പ്രദേശത്ത് വൃക്ഷങ്ങൾ കത്തി നശിച്ചു. ആളപായമില്ല. വന്യജീവികൾക്ക് നാശം സംഭവിച്ചു. റമാത് റഹേൽ, ഗിവ് ആത് യെഅറീം ഗ്രാമവാസികളെ താൽക്കാലികമായി ഒഴിപ്പിച്ചു. അഗ്നിശമന പ്രവർത്തകരും പോലീസ് വിഭാഗവും സൈനികരും ചേർന്ന് നടത്തിയ കൂട്ടായ പ്രവർത്തനത്തിലൂടെ അഗ്നി നിയന്ത്രണാധീനമാക്കി, ഹദാസാ ആശുപത്രി പ്രദേശത്തേക്ക് പടരുന്നത് തടഞ്ഞു. വസ്തുവകകൾ കത്തി നശിച്ചു. മനഃപൂർവ്വമായാണോ ഉപേക്ഷയാണോ കാലാവസ്ഥാ വ്യതിയാനമാണോ അതോ ഈ മൂന്നു കാരണങ്ങളുമാണോ തീ പിടുത്തത്തിന് കാരണമായത് എന്നത് ചർച്ചാ വിധേയമായി തുടരുന്നു. ഫലസ്തീൻ പതിമിത സ്വയംഭരണ സമിതിയും ഗ്രീസ് മുതലായ വിദേശ രാഷ്ട്രങ്ങളും സഹായം ലഭ്യമാക്കി.

## മെദീനാത് യിസ്റാഏൽ പ്രധാനമന്ത്രി നഫ്താലി ബെന്നറ്റ് താലിബാൻ വിരുദ്ധ ഇന്ത്യ അനുകൂല പ്രസ്താവന നൽകി

അമേരിക്കൻ അധിനിവേശ സൈന്യം പരാജയപ്പെട്ട് പിൻവാങ്ങിയതോടു കൂടെ അഫ്ഗാനിസ്താൻ താലിബാൻ (വിദ്യാർത്ഥി, അൽഖുർആൻ പഠിതാവ്) എന്ന തീവ്രവാദ മതമൗലിക ഇസ്ലാം സംഘടനയുടെ നിയന്ത്രണത്തിലായി. ഭാരതത്തിന് വടക്കാണ് ഭൂപടത്തിൽ അഫ്ഗാനിസ്ഥാൻ രാജ്യത്തിന്റെ സ്ഥാനം.

“താലിബാന്റെ ക്രൂരത കണ്ടില്ലെന്ന് നടിക്കാൻ ആവില്ല. അവരുടെ മതതീവ്രവാദം കൊണ്ട് ഇന്ത്യയെ ആക്രമിക്കാം എന്നു കരുതിയാൽ ആ

---

വും, മണിക്കൂറും അവർ അറിഞ്ഞിരുന്നില്ല. കർത്താവ് മധ്യാകാശത്തിൽ വന്നു സഭയെ ചേർത്തുകൊള്ളുമെന്ന് നമ്മൾ വിശ്വസിക്കുന്നു. അത് അങ്ങനെ സംഭവിക്കുകയും ചെയ്യും. പക്ഷേ കർത്താവിന്റെ വരവിന്റെ വർഷവും, ദിവസവും, മണിക്കൂറും നമുക്ക് പ്രവചിക്കുവാൻ കഴിയുകയില്ല. ആരെങ്കിലും അത് പ്രവചിച്ചാൽ എത്ര കേമനായാലും അദ്ദേഹത്തിന്റെ പ്രവചനത്തിൽ വിശ്വസിക്കരുത്. നിങ്ങൾ വിശ്വസിച്ചാൽ നിശ്ചയമായും വഞ്ചിക്കപ്പെടും.

യേശുക്രിസ്തു ജനിച്ചകാര്യം ദൈവാത്മാവ് കിഴക്ക് നിന്നുള്ള വിദ്വാന്മാർക്ക് വെളിപ്പെടുത്തി കൊടുത്തു. “ഹേരോദാ രാജാവിന്റെ കാലത്ത് യേശു യെഹൂദ്യയിലെ ബേത്ത്ലെഹേമിൽ ജനിച്ചശേഷം, കിഴക്ക് നിന്ന് വിദ്വാന്മാർ യെരുശലേമിൽ എത്തി: യെഹൂദന്മാരുടെ രാജാവായി പിറന്നവൻ എവിടെ? ഞങ്ങൾ അവന്റെ നക്ഷത്രം കിഴക്കു കണ്ട് അവനെ നമസ്കരിക്കുവാൻ വന്നിരിക്കുന്നു എന്നു പറഞ്ഞു. ഇതിൽ നിന്നു ദൈവം തന്റെ കാര്യങ്ങൾ ചിലർക്ക് മനസ്സിലാക്കികൊടുത്തു. അതിനാൽ കർത്താവിന്റെ രണ്ടാം വരവിന്റെ കാര്യവും വചനത്തിൽ കൂടെ നമുക്ക് വെളിപ്പെടുത്തി തന്നിട്ടുണ്ട്. അതിൽ നാം വിശ്വസിക്കുന്നു.

പ്രവചനവിഷയങ്ങൾ നിറവേറ്റിക്കൊണ്ട് യേശുക്രിസ്തു മറിയ എന്ന കന്യകയിൽ കൂടി പരിശുദ്ധാത്മാവിനാൽ ഭൂജാതനായി. അതു കാണുവാനും യേശുക്രിസ്തുവിൽ വിശ്വസിക്കുവാനും അനേകർക്ക് ദൈവം ഭാഗ്യം നൽകി. അതുപോലെ ദൈവവചനം നിറവേറ്റിക്കൊണ്ട് കർത്താവ് വന്ന സഭയെ ചേർത്തുകൊള്ളും. മനുഷ്യർക്ക് തെറ്റ പറ്റാം; പക്ഷെ ദൈവവചനത്തിന് മാറ്റമില്ല. ദൈവ വചനത്തിൽ പറയുന്ന കാര്യങ്ങൾ സംഭവിക്ക മ്പോൾ കർത്താവിന്റെ വരവ് അടുത്തിരിക്കുന്ന വെന്ന് വിശ്വസിക്കാം. ❖

## അനുഭവം എഴുതിയ കവിത

### യേശു എൻ സ്വന്തം......

അമേരിക്കയിലെ ഒരു ഗ്രാമത്തിൽ 1820 മാർച്ച് 24 ന് ഫാനിക്രോസ്ബി ജനിച്ചു. 6 വയസ്സായപ്പോൾ അവളുടെ കാഴ്ച നഷ്ടമായി. കണ്ണു രോഗം ബാധിച്ചപ്പോൾ ഒരു നാട്ടുവൈദ്യൻ നടത്തിയ തെറ്റായ ചികിത്സനിമിത്തം അവളുടെ കാഴ്ചശക്തി എന്നെന്നേയ്ക്കുമായി നഷ്ടമായി. പക്ഷെ അതിൽ ഒരിക്കൽ പോലും അവൾക്ക് ആ വൈദ്യനോടു അമർഷം തോന്നിയില്ല. മറിച്ച് ദൈവത്തിന്റെ അനന്തമായ സ്നേഹത്തിൽ വേറൊരു ശുശ്രൂഷയ്ക്കുവേണ്ടി ദൈവം അവരെ വേർതിരിക്കുകയായിരുന്നുവെന്ന് ഫാനി ഉറപ്പായി വിശ്വസിച്ചു. കർമ്മനിരതയും ഉത്സുഹയുമായിരുന്ന അവർ 8000ത്തിലധികം ആത്മീക ഗാനങ്ങൾ രചിച്ചുകൊണ്ട് അമേരിക്കയിലെ ആത്മീയ കീർത്തന രചയിതാക്കളുടെ മുൻപന്തിയിൽ തന്നെ നിലയുറപ്പിച്ചുകൊണ്ട് ധന്യമായ ഒരു ജീവിതം കാഴ്ചവെച്ചു.

ഒരിക്കൽ സ്കോട്ലണ്ടിലെ ഒരു മന്ത്രി ഈ സ്ത്രീ രത്നത്തെ സന്ദർശിച്ചു. അവരുടെ കഴിവുകൾ കണ്ടറിഞ്ഞ അദ്ദേഹം ഇപ്രകാരം പറഞ്ഞു. ഇത്രയധികം വാസനാവൈഭവത്താൽ നിങ്ങളെ സമ്പുഷ്ടമാക്കിയ അതേ ദൈവം തന്റെ സ്നേഹത്താൽ നിങ്ങൾക്കു കാഴ്ചശക്തി കൂടെ തരാത്തതെന്ത്? ഫാനിയുടെ മറുപടി പെട്ടെന്നായിരുന്നു. പ്രഭോ എന്റെ സൃഷ്ടിതാവിനോടു കേവലം ഒരപേക്ഷയ്ക്കുള്ള അവസരം ലഭിച്ചിരുന്നെങ്കിൽ അന്ധയായി ജനിക്കുവാൻ അനുവദിക്കണം എന്നു മാത്രമേ ഞാൻ ചോദിക്കുമായിരുന്നുള്ളു. അത്ഭുതപരതന്ത്രനായി അദ്ദേഹം ചോദിച്ചു. ഓ! അതെന്തുകൊണ്ട്? അവൾ മറുപടി പറഞ്ഞു. ..... എങ്കിൽ ഞാൻ സ്വർഗ്ഗത്തിൽ എത്തുമ്പോൾ ആദ്യമായി എന്റെ കണ്ണുകൾ ദർശിക്കുന്നത് അരുമ രക്ഷകന്റെ മുഖമായിരിക്കുമല്ലോ. അതെത്ര ഭാഗ്യമാണ്. ഈ വിശ്വാസവും പ്രത്യാശയുമാണ് അവരെ മുന്നോട്ടു നയിച്ചിരുന്നത്. ഫാനിക്രോസ്ബി എഴുതിയ പാട്ടിന്റെ ചില വരികൾ ലോകപ്രസിദ്ധമാകുമെന്നു അവർപോലും കരുതിയിട്ടുണ്ടാവില്ല. ആ പാട്ടിന്റെ ചില വരികളാണ്.

"Blessed assurance, Jesus is mine
O what a foretaste of glory divine
Heir of salvation, purchase of God
Born of His spirit washed in His blood"

അതിന്റെ മലയാളം പരിഭാഷ ഇപ്രകാരമാണ്.

"യേശു എൻ സ്വന്തം ഹല്ലേലുയ്യാ
എന്നുടെ ഭാഗ്യം ചൊല്ലിക്കൂടാ
എനിക്കു പാട്ടും പ്രശംസയും
ദൈവകുഞ്ഞാടും തൻ കുരിശും...

നൂറ്റാണ്ടുകൾ താണ്ടി ഭാഷയുടെയും ഭൂഖണ്ഡങ്ങളുടെയും അതിർവരമ്പുകൾ ലംഘിച്ചു കടന്നുവന്ന ഈ ഇംഗ്ലീഷുഗാനം ഇന്നും അനേകം വിശ്വാസികൾക്ക് സന്തോഷവും പ്രത്യാശയും പകർന്നു കൊടുക്കുന്നു. ❖

---

നിമിഷം അവർ ഈ ഭൂമുഖത്ത് കാണില്ല" - മെദീനാത് യിസ്റാഏൽ പ്രധാനമന്ത്രി (റോഷ് ഹമേമ്ഷാലാ) നഫ്താലി ബെന്നറ്റ്.

ഭാരത പ്രധാനമന്ത്രി നരേന്ദ്രമോദി അധികാരമേറ്റപ്പോഴാണ് അദ്ദേഹം ഭാരതവും യഹൂദ രാഷ്ട്രമായ മെദീനാത് യിസ്റാഏലും തമ്മിൽ പൂർണ്ണ പ്രതിരോധ സഹകരണത്തിനു തയ്യാറായത്. ഇരു രാജ്യങ്ങളിലെയും പ്രതിരോധ സേനകളും സൈനിക നിർമ്മാണ ശാലകളും തമ്മിൽ സഹകരണമുണ്ട്. പ്രതിരോധ രംഗത്ത് ഭാരതത്തിന് എപ്പോഴും വിശ്വസിക്കാവുന്ന സുഹൃത്താണ് മെദീനാത് യിസ്റാഏൽ. ഇക്കഴിഞ്ഞ റെറ്റ്സുആത് അസ (ഗാസ) യുദ്ധത്തിൽ സഹകരണാടിസ്ഥാനത്തിൽ ഭാരതത്തിൽ നിർമ്മിച്ച റോക്കറ്റുകളാണ് മെദിനാത് യിസ്റാഏൽ ഹമാസ് പോരാളികൾക്കെതിരെ ഉപയോഗിച്ചതെന്നതും ശ്രദ്ധേയമാണ്. ❖

Registered with the Registrar of
Newspapers of India under No. 7748/64

# പ്രവചന പ്രദീപിക

## ഞങ്ങളുടെ പ്രസിദ്ധീകരണങ്ങൾ

(ബുക്ക് പോസ്റ്റ് ചെലവുൾപ്പെടെ - ഇന്ത്യയിൽ)

| | | |
|---|---|---|
| ക്രിസ്തീയ ജീവിതത്തിലെ ഏഴു കാര്യങ്ങൾ | വൈ. എസക്കിയേൽ | 3.50 |
| സഭാസത്യങ്ങൾ | ,, ,, | 75.00 |
| വെളിപ്പാട് പുസ്തക വ്യാഖ്യാനം | ,, ,, | 407.00 |
| ബൈബിൾ പ്രശ്നാവലി | ,, ,, | 105.00 |
| സഹസ്രാബ്ദ വാഴ്ചയും പുതിയ ഭൂമിയും | | 355.00 |
| ബൈബിൾ വ്യാഖ്യാന മാതൃക | ,, ,, | 85.00 |
| രക്ഷയുടെ ഭദ്രത | ,, ,, | 105.00 |
| ക്രിസ്തീയ ജീവിതം | ,, ,, | 8.00 |
| സാത്താനും പ്രവർത്തന പദ്ധതിയും | ,, ,, | 105.00 |
| **Thrones of God** | ,, ,, | 10.00 |
| അന്തിക്രിസ്തു | ,, ,, | 85.00 |
| ദൈവിക ന്യായസനങ്ങൾ | ,, ,, | 235.00 |
| പരിശുദ്ധാത്മാവ് | ,, ,, | 407.00 |

**രജിസ്റ്റർ ചെയ്തയക്കണമെങ്കിൽ**
**രൂപ 22.00 കൂടെ അയയ്ക്കുക**

**പുസ്തകങ്ങൾ *V.P.P.* ആയി**
**അയയ്ക്കുന്നതല്ല.**

Published by Y. Sam Raj and Printed at
Excellent Printers, Plavila

**PRINTED BOOK POST**

To

REGD. NEWS PAPER

if undelivered, please return to
Aramada P.O., Tvm - 32
including the reason